
09
തിങ്കൾ
ജനുവരി 2023
1198 ധനു25
Vol0 5 Issue No.99

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:
തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്
₹ 7.50
പേജ് 04
www.keralapranamam.com
infokeralapranamam@gmail.com



# ഉത്തരേന്ത്യ വിറയ്ക്കുന്നു

## ഹിമാചലിനേക്കാൾ തണുത്ത് ഡൽഹി (1.9 ഡിഗ്രി)88 തീവണ്ടികൾ റദ്ദാക്കി, 335 എണ്ണം വൈകി 25 വിമാനങ്ങൾ വൈകി

**ന്യൂഡൽഹി:** ഡൽഹിയുൾപ്പെടെ ഉത്തരേന്ത്യയിൽ അതിശൈത്യവും മൂടൽമഞ്ഞും തുടരുന്നത് വ്യോമ, തീവണ്ടി ഗതാഗതത്തെ ബാധിച്ചു. ഡൽഹിയിൽ കുറഞ്ഞ താപനില 1.9 ഡിഗ്രിയാണ് രേഖപ്പെടുത്തിയത്. ഹിമാചൽ പ്രദേശിലെയും ഉത്തരാഖണ്ഡിലെയും മിക്ക സ്ഥലങ്ങളേക്കാൾ കുറഞ്ഞ താപനിലയാണ് നാലുദിവസമായി ഡൽഹിയിൽ.പുലർച്ചെ കനത്ത മൂടൽമഞ്ഞുമുണ്ടായതോടെ ഞായറാഴ്ച 88 തീവണ്ടികൾ റദ്ദാക്കി. 335 എണ്ണം വൈകിയോടുന്നു. ഞായറാഴ്ച രാവിലെ ഡൽഹിയിൽനിന്നുള്ള 25 വിമാനങ്ങളും വൈകി. ഡൽഹിയിൽ ഇറങ്ങേണ്ട വിമാനങ്ങൾ വഴിതിരിച്ചുവിടേണ്ടിവന്നില്ല.

പഞ്ചാബിലെ ഭട്ടിൻഡയിലും യു.പി.യിലെ ആഗ്രയിലും കാഴ്ചപരിധി പൂജ്യമായിരുന്നു. പഞ്ചാബിലെ പട്യാല, ചണ്ഡീഗഢ്, ഹരിയാണയിലെ ഹിസാർ, രാജസ്ഥാനിലെ അൽവർ, യു.പി.യിലെ ലക്നൗ തുടങ്ങിയ സ്ഥലങ്ങളിൽ 25 മീറ്ററും ഡൽഹി (പാലം), പഞ്ചാബിലെ അമൃത്സർ, ലുധിയാന, യു.പി.യിലെ വാരാണസി, മീററ്റ് തുടങ്ങിയ സ്ഥലങ്ങളിലും 50 മീറ്ററുമായിരുന്നു ഞായറാഴ്ച പുലർച്ചെ കാഴ്ചപരിധി. കാഴ്ചപരിധി പൂജ്യത്തിനും അമ്പതിനുമിടയിലാണെങ്കിൽ വളരെ കനത്ത മൂടൽമഞ്ഞായി കണക്കാക്കും. കാഴ്ചപരിധി 51-നും 200-നുമിടയിലാണെങ്കിൽ കനത്ത മൂടൽമഞ്ഞ്, 201-നും 500-നും ഇടയിലാണെങ്കിൽ ഇടത്തരം, 501-നും ആയിരത്തിനുമിടയിലാണെങ്കിൽ സാധാരണം എന്നിങ്ങനെയാണ് കാലാവസ്ഥാ നിരീക്ഷകർ വിലയിരുത്തുന്നത്.

തണുപ്പ് മേഖലകളായ ഹിമാചൽപ്രദേശിലെ ചമ്പ (8.2 ഡിഗ്രി), ദൽഹൗസി (8.2), ധർമശാല (6.2), ഷിംല (9.5), ഹാമിർപുർ (3.9), മണാലി (4.4), സോളൻ (3.6), ഉത്തരാഖണ്ഡിലെ ദെഹ്റാദൂൺ (6.0), മസൂറി (9.6), നൈനിറ്റാൾ (6.2) എന്നിവിടങ്ങളിലേക്കാൾ ഡൽഹിയിൽ തണുപ്പ് കൂടുതലാണിപ്പോൾ. ഡൽഹിയുടെ ഔദ്യോഗിക കാലാവസ്ഥാ നിരീക്ഷണസ്ഥലമായ സഫ്ദർജങ്ങിലാണ് 1.9 ഡിഗ്രി രേഖപ്പെടുത്തിയത്. ഇവിടെ കൂടിയ താപനില 16.7 ഡിഗ്രിയാണ്. എന്നാൽ, സെൻട്രൽ ഡൽഹിയിലെ റിഡ്ജ് മേഖലയിൽ 1.5 ഡിഗ്രിയാണ് ഞായറാഴ്ച കുറഞ്ഞ താപനില. ഡൽഹിയിലെ ഒട്ടേറെ സ്ഥലങ്ങളിൽ ശരാശരിയെക്കാൾ ഏഴ് ഡിഗ്രി കുറവാണ് കൂടിയ താപനില.മധ്യപ്രദേശിലെ നൗഗോഗിങ്ങിൽ മൈനസ് ഒരു ഡിഗ്രിയും രാജസ്ഥാനിലെ ചുരുവിൽ മൈനസ് 0.5 ഡിഗ്രിയുമാണ് കുറഞ്ഞ താപനില. ഹരിയാണയിലെ ഹിസാർ (1.4), പിലാനി (1.5) തുടങ്ങിയ സ്ഥലങ്ങളിൽ ഡൽഹിയേക്കാൾ തണുപ്പ് കൂടുതലാണ്. ഡൽഹിയുൾപ്പെടെ ഉത്തരേന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ കാലാവസ്ഥാ കേന്ദ്രം ശനിയാഴ്ച മുതൽ 48 മണിക്കൂർ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരുന്നു. കൊടുംതണുപ്പിൽ അധികനേരം തുടരുന്നത് ഫ്രോസ്റ്റ്ബൈറ്റിന് (ശീതാധിക്യത്താലുണ്ടാകുന്ന ശരീരവീക്കം) കാരണമായേക്കാമെന്ന് കാലാവസ്ഥാ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ മുന്നറിയിപ്പ് നൽകി. വൈറ്റമിൻ സി കൂടുതലുള്ള പഴങ്ങൾ കഴിക്കുകയും ധാരാളം വെള്ളം കുടിക്കുകയും വേണമെന്ന് അവർ പറഞ്ഞു.

കുറഞ്ഞ താപനില രണ്ട് ഡിഗ്രിയിലെത്തുകയോ ശരാശരിയിൽനിന്ന് 6.4



# ഭക്ഷ്യ വിഷബാധ വീണ്ടും; പത്തനംതിട്ടയിൽ സ്കൂൾ വാർഷികത്തിന് ചിക്കൻ ബിരിയാണി കഴിച്ച 13 കുട്ടികളും അധ്യാപികയും ആശുപത്രി

## ചന്ദനപ്പള്ളി റോസ് ഡെയിൽ സ്കൂളിൽ ആണ് ഭക്ഷ്യ വിഷബാധ റിപ്പോർട്ട്ചെയ്തത്


**പത്തനംതിട്ട:** സംസ്ഥാനത്ത് വീണ്ടും ഭക്ഷ്യ വിഷബാധ. സ്കൂൾ വാർഷികത്തിനു വിളമ്പിയ ചിക്കൻ ബിരിയാണി കഴിച്ച 13 കുട്ടികളും ഒരു അധ്യാപികയും ആശുപത്രിയിൽ ചികിത്സ തേടി. ചന്ദനപ്പള്ളി റോസ് ഡെയിൽ സ്കൂളിൽ ആണ് ഭക്ഷ്യ വിഷബാധ റിപ്പോർട്ട് ചെയ്തത്. ആർക്കും തന്നെ ഗുരുതര പ്രശ്നങ്ങളില്ല. ആരോഗ്യനില തൃപ്തികരമാണ്.

സ്കൂൾ വാർഷികാഘോഷത്തിൻറെ ഭാഗമായി വിതരണം ചെയ്ത ചിക്കൻ ബിരിയാണി കഴിച്ചതിനു ശേഷമാണ് അസ്വസ്ഥതകൾ ഉണ്ടായത്. രാവിലെ 11 മണിക്ക് സ്കൂളിൽ എത്തിച്ച ബിരിയാണി കുട്ടികൾക്ക് നൽകിയത് വൈകിട്ട് 6 മണിക്കാണ് എന്ന ആക്ഷേപം ഉയരുന്നുണ്ട്. ഭക്ഷണം എത്തിച്ചത് കൊടുമണ്ണിലുള്ള ക്യാരമൽ ഹോട്ടലിൽ




# തരൂർ വിവാദങ്ങളുടെ തുടർച്ച, എൻ.എസ്.എസ് രജിസ്ട്രാർ പി.എൻ. സുരേഷ് രാജിവച്ചു

**കോട്ടയം:** മന്നം ജയന്തി സമ്മേളന ഉദ്ഘാടകനായി ഡോ. ശശി തരൂർ എം.പി എത്തിയതിന് പിന്നാലെ ഉണ്ടായ വിവാദങ്ങളുടെ തുടർച്ചയായി എൻ.എസ്.എസ് രജിസ്ട്രാർ പി.എൻ. സുരേഷ് രാജി നൽകി. രാജിയെക്കുറിച്ച് എൻ.എസ്.എസ് ഔദ്യോഗിക പത്രക്കുറിപ്പ് ഇറക്കിയിട്ടില്ല. എന്നാൽ, ശനിയാഴ്ച താൻ രാജിവച്ചതായി സുരേഷ് അറിയിച്ചു. രാജി സ്വീകരിച്ച ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ രജിസ്ട്രാറുടെ ചുമതലകൂടി ഏറ്റെടുത്തു. 'ഒരു നായർക്ക് മറ്റൊരു നായരെ കണ്ടു കൂട' എന്ന തരൂരിന്റെ വിവാദ പരാമർശം വേദിയിലിരിക്കേ തന്നെ വാർത്തയായത് സുകുമാരൻനായരെ തരൂർ മൊബൈൽ ഫോണിൽ കാണിക്കുമ്പോൾ പിന്നിൽനിന്ന് സുരേഷ് എത്തിനോക്കുന്ന ഫോട്ടോയായിരുന്നു പല പത്രങ്ങളിലും വന്നത്. ഇതിന് പിന്നിൽ സുരേഷിന്റെ പ്രത്യേക താത്പര്യമെന്ന ആരോപണം ഉയർന്നിരുന്നു. സുരേഷ് അടുത്ത ജനറൽ സെക്രട്ടറി എന്ന തരത്തിൽ സമൂഹമാദ്ധ്യമങ്ങളിലെ പ്രചാരണത്തിന് പിന്നിലും സുരേഷാണെന്ന് പല ഡയറക്ടർ ബോർഡ് അംഗങ്ങളും ജനറൽ സെക്രട്ടറിയെ ധരിപ്പിച്ചതോടെ സുകുമാരൻ നായർ രാജി ആവശ്യപ്പെടുകയായിരുന്നുവെന്നാണ് ഒരു സീനിയർ ഡയറക്ടർ ബോർഡംഗം' പറഞ്ഞത്. ഒന്നുകിൽ രാജി അല്ലെങ്കിൽ



പുറത്താക്കൽ ഇതിലേതും സ്വീകരിക്കാമെന്ന് നേതൃത്വം സുരേഷിനെ അറിയിച്ചതായയാണ് വിവരം.

# ബാരാബങ്കിയിൽ സീരിയൽ കില്ലർ, കൊല്ലപ്പെട്ടത് മൂന്നു സ്ത്രീകൾ

**ന്യൂഡൽഹി:** പ്രായമായ സ്ത്രീകളെ ആക്രമിച്ച് കൊന്ന ശേഷം നഗ്നയാക്കി ഉപേക്ഷിക്കുന്ന കൊലപാതകിയെ തേടി ഉത്തർപ്രദേശ് പൊലീസ്. ബാരാബങ്കി മേഖലയിലെ മൂന്ന് സ്ത്രീകളെയാണ് ദിവസങ്ങളുടെ വ്യത്യാസത്തിൽ വകവരുത്തിയത്. ഉത്തർ പ്രദേശിനെയാകെ ഭീതിയിലാഴ്ത്തിയ സീരിയൽ കില്ലർ ഒളിവിൽ കഴിയുന്ന സ്ഥലം കണ്ടെത്തിയതായി യു.പി പൊലീസ് പറഞ്ഞു. പിടികൂടാൻ ആറ് പ്രത്യേക ദൗത്യ സംഘങ്ങളെയും ചുമതലപ്പെടുത്തി. കൊലയാളിയെന്ന് സംശയിക്കുന്നയാളുടെ ചിത്രം പൊലീസ് പുറത്ത് വിട്ടു.

50 നും 60നും ഇടയിൽ പ്രായമുള്ള മൂന്നു സ്ത്രീകളെയാണ് അതിക്രൂരമായി കൊല ചെയ്തത്. ഇവർ ഒരേ രീതിയിലാണ് ആക്രമിക്കപ്പെട്ടത്. മുഖത്തും തലയിലുമാണ് പരിക്ക്.

കൊല നടത്തിയ ശേഷം വിവസ്ത്രരാക്കിയാണ് മൃതദേഹങ്ങൾ ഉപേക്ഷിച്ചത്. അയോദ്ധ്യയിലെ ഖുഷേതി ഗ്രാമത്തിൽ കഴിഞ്ഞ ഡിസംബർ ആറിനാണ് ആദ്യത്തെ കൊല നടന്നത്. ഡിസംബർ അഞ്ചിന് വീട്ടു ജോലിക്കായി പേ



ായ സ്ത്രീയാണ് ആക്രമണത്തിനിരയായത്.മാനഭംഗപ്പെടുത്തിയ ശേഷം കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തുകയും അതിനുശേഷം മുഖത്തും തലയിലും മുറിവേൽപ്പിക്കുകയും ചെയ്തെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വ്യക്തമായി. 10 ദിവസങ്ങൾക്ക് ശേഷം ഡിസംബർ 17ന് ബാരാബങ്കിയിൽ വയലിൽ 62കാരിയുടെ മൃതദേഹം കണ്ടെത്തി. ആദ്യ കൊലയുടെ അതേരീതിയിലായിരുന്നു രണ്ടാമത്തേതും. താത്തർഹ ഗ്രാമത്തിലാണ് മൂന്നാമത്തെ സംഭവം




## കൃതജ്ഞത

ഞങ്ങളുടെ സ്നേഹനിധിയായ അമ്മ മുരിയാട് കാര്യങ്ങാട്ടിൽ പരേതനായ പത്മനാഭന്റെ ഭാര്യ രമണിയുടെ (85 വയസ്സ്) നിര്യാണ വാർത്തയറിഞ്ഞ് ഞങ്ങളുടെ വസതിയിൽ നേരിട്ടുവന്നും അനുശോചനസന്ദേശങ്ങൾ വഴിയും തുടർന്ന് നടത്തിയ സംസ്കാരകർമ്മ ങ്ങളിലും പങ്കുകൊണ്ട് പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിച്ച ബന്ധു മിത്രാദികൾ, നല്ലവരായ നാട്ടുകാർ, ജനപ്രതിനിധികൾ, ഉദ്യോഗ പ്രമുഖർ, രാഷ്ട്രീയ - സാമൂഹിക - കലാ - സാംസ്കാരിക രംഗത്തെ പ്രമുഖർ വാപാരി വ്യവസായികൾ, സമൂഹത്തിലെ മറ്റു എല്ലാ ബഹുമാന്യ വ്യക്തികൾ എന്നിവർക്കും ഞങ്ങക്കുള്ള കൃതജ്ഞത അറിയിക്കുന്നു.
ഭർത്താവ് പരേതനായ പത്മനാഭൻ

ദുഃഖസ്മരണകളോടെ.....
മിനി രാജേന്ദ്രൻ,
പരേതരായ സുനിൽ, അനിൽ

മരുമകൻ രാജേന്ദ്രൻ
- മറ്റു കുടുംബാംഗങ്ങൾ

മരണവിവരം സമയം ആരെങ്കിലും അറിയിക്കുവാൻ

വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക



കാര്യങ്ങാട്ടിൽ രമണി (85)
w/o. പത്മനാഭൻ (Late) മുരിയാട് - തൃശൂർ




# ആഭ്യന്തര സെക്രട്ടറി വി. വേണുവും കുടുംബവും സഞ്ചരിച്ച കാറ് അപകടത്തിൽപ്പെട്ടു; 7 പേർക്ക്

**തിരുവനന്തപുരം:** സംസ്ഥാന ആഭ്യന്തര സെക്രട്ടറി വി.വേണു ഐഎഎസും കുടുംബവും സഞ്ചാരിച്ചിരുന്ന വാഹനം അപകടത്തിൽപ്പെട്ടു. വേണുവിനും ഭാര്യയും അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ശാരദ മുരളീധരനുമടക്കം ഏഴു പേർക്ക് പരിക്കേറ്റു. ഇതിൽ ചിലരുടെ പരിക്ക് ഗുരുതരമാണെന്ന് പ്രാഥമിക വിവരം. ഇവർ സഞ്ചരിച്ച ഇന്നോവ കാർ ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. സംസ്ഥാന സർക്കാരിന്റെ 65-ാം നമ്പർ വാഹനമാണ് അപകടത്തിൽപ്പെട്ടത്.. പുലർച്ചെ ഒരുമണിയോടെ കായംകുളം കോറ്റുകുളങ്ങര ദേശീയ പാതയിലായിരുന്നു അപകടം. കൊച്ചി ബിനാലെ കഴിഞ്ഞ് തിരുവനന്തപുരത്തേക്ക് പോകുകയായിരുന്നു ആഭ്യന്തര സെക്രട്ടറിയും കുടുംബവും. തെങ്കാശിയിൽ നിന്ന് കൊച്ചിയിലേക്ക് അരിയുമായി വന്ന ലോറിയാണ് കാറുമായി ഇടിച്ചത്. കാറിൽ ഉണ്ടായിരുന്ന വേണുവിനും ശാരദ മുരളീധരനും പുറമെ മകൻ ശബരി, ഡ്രൈവർ അഭിലാഷ്, ബന്ധുക്കളായ പ്രണവ്, സൗരവ് എന്നിവരെ തിരുവല്ലയിൽ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.



# ബഫർ സോൺ: 23 മേഖലകൾക്ക് ഇളവ് തേടി കേരളം സുപ്രീം കോടതിയെ സമീപിച്ചു

ന്യൂഡൽഹി: വന്യ ജീവി സങ്കേതങ്ങൾക്കും ദേശീയ സംരക്ഷിത ഉദ്യാനങ്ങൾക്കും ചുറ്റും ഒരുകിലോമീറ്റർ ബഫർ സോൺ നിർബന്ധമാക്കിയ വിധിയിൽ ഇളവ് തേടി കേന്ദ്രം നൽകിയ ഹർജിയിൽ കക്ഷി ചേരാൻ കേരളം സുപ്രീം കോടതിയിൽ അപേക്ഷ ഫയൽ ചെയ്തു. കരട്, അന്തിമ വിജ്ഞാപനങ്ങൾ ഇറങ്ങിയ മേഖലകളിൽ ബഫർ സോൺ വിധി നടപ്പാക്കുന്നതിൽ നിന്ന് ഇളവ് അനുവദിക്കണമെന്ന കേന്ദ്രത്തിന്റെ ആവശ്യത്തെ പിന്തുണച്ചാണ് കേരളത്തിന്റെ നീക്കം. കേരളത്തിലെ 17 വന്യ ജീവി സങ്കേതങ്ങളുടെയും ആറ് ദേശീയ സംരക്ഷിത ഉദ്യാനങ്ങളുടെയും ബഫർ സോൺ സംബന്ധിച്ച ശിപാർശ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് കേരളം കൈമാറിയിട്ടുണ്ട്. ഇതിൽ പെരിയാർ ദേശീയ ഉദ്യാനം, പെരിയാർ വന്യജീവി സങ്കേതം എന്നിവയിലൊഴിച്ച് മറ്റ് എല്ലാത്തിലും കേന്ദ്രം കരട് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. മതികെട്ടാൻ ദേശീയ ഉദ്യാനത്തിന് ചുറ്റുമുള്ള ബഫർ സോൺ സംബന്ധിച്ച് കേന്ദ്രം അന്തിമ വിജ്ഞാപനവും ഇറക്കിയിട്ടുണ്ട്. 23 സംരക്ഷിത മേഖലകൾക്ക് ഇളവ് തേടിയാണ് സംസ്ഥാനം സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നത്. ബഫർ സോൺ നിർബന്ധമാക്കിയ ജൂൺ മൂന്നിലെ ഉത്തരവ് പരിഷ്കരിച്ച്, ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാർ നൽകിയ അപേക്ഷ ജനുവരി പതിനൊന്നിന് പരിഗണിക്കുമെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായ ബെഞ്ചാണ് കേന്ദ്രത്തിന്റെ ഹർജി പരിഗണിക്കുന്നത്. കരട്, അന്തിമ വിജ്ഞാപനങ്ങൾ ഇറങ്ങിയ മേഖലകൾക്ക് പുറമെ, സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന വിജ്ഞാപനങ്ങൾ ഉൾപ്പെടുന്ന മേഖലകൾക്ക് കൂടി ഇളവ് അനുവദിക്കണമെന്നാണ് കേന്ദ്രത്തിന്റെ ആവശ്യം. അതിനാൽ കേന്ദ്ര സർക്കാരിന്റെ ആവശ്യം സുപ്രീം കോടതി അംഗീകരിച്ചാൽ ജനങ്ങളുടെ ആശങ്ക പൂർണ്ണമായും മാറുമെന്നാണ് കേരളത്തിന്റെ പ്രതീക്ഷ. സീനിയർ അഭിഭാഷകരുടെ നിയമ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രത്തിന്റെ അപേക്ഷയിൽ കക്ഷിചേരാനുള്ള സംസ്ഥാനത്തിന്റെ നീക്കം. സ്റ്റാന്റിങ് കോൺസൽ നിഷേ രാജൻ ഷൊങ്കർ ആണ് കേരളത്തിന്റെ കക്ഷിചേരൽ അപേക്ഷ സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്നത്.



# പോലീസ് വന്നപ്പോൾ മറ്റൊരു ലിഫ്റ്റിലൂടെ മുങ്ങി പ്രവീൺ റാണ; നാല് വാഹനങ്ങൾ കസ്റ്റഡിയിൽ

**കൊച്ചി:** തൃശ്ശൂരിലെ സേഫ് ആൻഡ് സ്ട്രോങ് നിക്ഷേപത്തട്ടിപ്പ് കേസിലെ പ്രതി പ്രവീൺ റാണ കലൂരിലെ ഫ്ളാറ്റിൽനിന്ന് പോലീസിനെ വെട്ടിച്ച് രക്ഷപ്പെട്ടു. പ്രതിയെ പിടികൂടാനായി പോലീസ് സംഘം ഫ്ളാറ്റിൽ എത്തിയപ്പോൾ മറ്റൊരു ലിഫ്റ്റിലൂടെ ഇയാൾ ഫ്ളാറ്റിൽനിന്ന് കടന്നുകളഞ്ഞെന്നാണ് വിവരം. അതേസമയം, പ്രവീൺ റാണയുടെ നാല് വാഹനങ്ങൾ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കലൂരിൽനിന്നും തൃശ്ശൂരിൽനിന്നുമാണ് വാഹനങ്ങൾ പിടികൂടിയത്. വൻ പലിശയും ലാഭവും വാഗ്ദാനംചെയ്താണ് സേഫ് ആൻഡ് സ്ട്രോങ് എന്ന കമ്പനിയുടെ പേരിൽ പ്രവീൺ റാണ എന്ന കെ.പി. പ്രവീൺ കോടികൾ തട്ടിയെടുത്തത്. നിലവിൽ ഇയാൾക്കെതിരേ തൃശ്ശൂരിലെ വിവിധ സ്റ്റേഷനുകളിലായി 24-ഓളം കേസുകളുണ്ട്. എന്നാൽ പോലീസ് കേസെടുത്തതോടെ പ്രവീൺ റാണ ഒളിവിൽപോവുകയായിരുന്നു. എൻജിനിയറിങ് പഠനത്തിന് ശേഷം മൊബൈൽ റീച്ചാർജ് കട നടത്തിയിരുന്ന കെ.പി. പ്രവീൺ ആണ് പിന്നീട് ഡോ. പ്രവീൺ റാണയായത്. കേരളത്തിന് പുറത്ത് പൂട്ടിപ്പോയ വ്യാപാരസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതായിരുന്നു ആദ്യ ബിസിനസ്. പിന്നീട് കർണാടകയിലും തമിഴ്നാട്ടിലും പബ്ബുകൾ ആരംഭിച്ചു. ഇതിനിടെ കേരളത്തിലേക്ക് മടങ്ങി സ്വയം സൃഷ്ടിച്ച താരപരിവേഷത്തിന്റെ മറവിൽ സേഫ് ആൻഡ് സ്ട്രോങ് കമ്പനിയിലേക്ക് വ്യാപകമായി നിക്ഷേപങ്ങൾ സ്വീകരിക്കുകയായിരുന്നു.

# പത്ത് ദിവസം വെജ് കഴിച്ചാൽ ഒന്നും സംഭവിക്കില്ല, യഥാർത്ഥ വിഷയങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമമാണിത്; കലോത്സവത്തിൽ നോൺ വെജ് വിളമ്പുന്നതിനെ എതിർത്ത് കെ എം ഷാജി


കോഴിക്കോട്: സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഭക്ഷണ വിവാദം തുടരുന്നതിനിടെ നോൺ വെജ് വിളമ്ബുന്നത് എതിർത്ത് മുൻ എംഎൽഎയും മുസ്ലീം ലീഗ് നേതാവുമായ കെ എം ഷാജി. 'പത്ത് ദിവസം വെജ് കഴിച്ചാൽ ഒന്നും സംഭവിക്കില്ല. ഈ ചർച്ച തുടങ്ങിയത് അശോകൻ ചരുവിൽ എന്ന സിപിഎം സാംസ്കാരിക നേതാവാണ്. കലോത്സവത്തിലെ യഥാർത്ഥ വിഷയങ്ങളെ ഇല്ലായ്മ ചെയ്യാൻ ഇത്തരം ചർച്ചകൾ കാരണമാകും. നിരോധിച്ച സംഘടനയിലെ സൈലന്റ് പ്രൊഫൈലുകൾ ആണ് ഈ വിഷയം വെറുതെ പെരുപ്പിക്കുന്നത്.'- ഷാജി പറഞ്ഞു. അതേസമയം, ഇനി ഊട്ടുപുരയൊരുക്കാൻ താനില്ലെന്നാണ് പഴയിടം മോഹനൻ നമ്ബൂതിരി വ്യക്തമാക്കിയത്. 'എന്നെ ഭയം പിടികൂടി. അതിനാൽ അടുക്കള നിയന്ത്രിക്കുന്നത് ഇനി പ്രയാസമാകും. കഴിക്കുന്ന ഭക്ഷണത്തിൽ പോലും വർഗീയതയുടെയും ജാതീയതയുടെയും വിഷവിത്തുകൾ വാരിയെറിഞ്ഞ് കഴിഞ്ഞിരിക്കുന്ന കാലഘട്ടത്തിൽ അതിനെ എങ്ങനെ നേരിടുമെന്നാണ് ചിന്തിക്കുന്നത്. ഇതെന്നെ വല്ലാതെ അസ്വസ്ഥമാക്കുന്നു. '- മോഹനൻ നമ്ബൂതിരി പറഞ്ഞു.






# വഴിയിൽ കിടന്നുകിട്ടിയ മദ്യം കുടിച്ച് അസ്വാസ്ഥ്യം; കീടനാശിനി കലർന്നിരുന്നെന്ന് കണ്ടെത്തൽ

**തൊടുപുഴ:** ഇടുക്കി അടിമാലിയിൽ മദ്യം കഴിച്ചവർക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായസംഭവത്തിൽ മദ്യത്തിൽ കീടനാശിനിയുടെ അംശം കലർന്നിരുന്നുവെന്ന് സൂചന. വഴിയരികിൽ നിന്ന് ലഭിച്ചെന്ന് പറയുന്ന മദ്യം സുധീഷ് കഴിച്ചിരുന്നില്ല. ഇയാൾക്കാണ് മദ്യം ലഭിച്ചത്. സുധീഷിനെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തുവരികയാണ്. മദ്യം വഴിയരികിൽവെച്ച് കിട്ടിയത് തന്നെയാണെന്നാണ് സുധീഷ് അവകാശപ്പെടുന്നത്. വഴിയരികിൽ നിന്ന് ലഭിച്ച മദ്യം മറ്റ് പാത്രങ്ങളിൽ ഒഴിച്ചിരിക്കാമെന്നും ഇതിൽ കീടനാശിനി കലർന്നതാവാം ദേഹാസ്വാസ്ഥ്യത്തിന് കാരണമെന്നുമാണ് പോലീസ് കരുതുന്നത്. പോലീസ് വിശദമായ അന്വേഷണം തുടരുകയാണ്. അസ്വാസ്ഥ്യമുണ്ടായ മൂന്ന് പേർ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. അനിൽകുമാർ, മനോജ്, കുഞ്ഞുമോൻ എന്നിവരാണ് ചികിത്സയിലുള്ളത്. ഇതിൽ കുഞ്ഞുമോന്റെ ആരോഗ്യനിലഗുരുതരമാണ്.




# സ്വർണ്ണക്കടത്ത്: പരിശോധനയിൽ കണ്ടെത്തിയില്ല; എക്സ്റേ എടുത്തപ്പോൾ വയറ്റിൽ ക്യാപ്സ്യൂളുകൾ

**മലപ്പുറം:** ദുബായിൽ നിന്നും കരിപ്പൂർ വിമാനത്താവളം വഴി കസ്റ്റംസിനെ വെട്ടിച്ച് കടത്താൻ ശ്രമിച്ച 47 ലക്ഷം രൂപയുടെ സ്വർണ്ണം പോലീസ് പിടിച്ചു. ഒരു യാത്രക്കാരനെ പോലിസ് അറസ്റ്റ് ചെയ്തു. ദുബായിൽ നിന്നും കരിപ്പൂർ വിമാനത്താവളത്തിലെത്തിയ മലപ്പുറം വളാഞ്ചേരി സ്വദേശി ജംഷീർ (26) ആണ് 854 ഗ്രാം 24 ക്യാരറ്റ് സ്വർണ്ണം സഹിതം എയർപോർട്ടിന് പുറത്ത് വെച്ച് പോലീസ് പിടിയിലായത്. മിശ്രിത രൂപത്തിൽ മൂന്ന് കാപ്സ്യൂളുകളാക്കി ശരീരത്തിനുള്ളിൽ ഒളിപ്പിച്ച് കടത്താൻ ശ്രമിക്കുകയായിരുന്നു. പിടിച്ചെടുത്ത സ്വർണ്ണത്തിന് അഭ്യന്തര വിപണിയിൽ 47 ലക്ഷം രൂപ വില വരും. ഞായറാഴ്ച വൈകുന്നേരം 6.42-ന് ദുബായിൽ നിന്നെത്തിയ സ്പൈസ് ജെറ്റ് വിമാനത്തിലാണ് ഇയാൾ കരിപ്പൂരെത്തിയത്. കസ്റ്റംസ് പരിശോധനയ്ക്ക് ശേഷം പുറത്തിറങ്ങിയ ജംഷീറിനെ, മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു. ചോദ്യം ചെയ്യലിൽ പക്ഷേ തന്റെ പക്കൽ സ്വർണ്ണമുണ്ടെന്ന കാര്യം നിഷേധിച്ചു. ഇയാളുടെ ലഗ്ഗേജ് ബോക്സുകൾ തുറന്ന് വിശദമായി പരിശോധിച്ചിട്ടും സ്വർണ്ണം കണ്ടെത്താനായില്ല. തുടർന്ന് ഇയാളെ വിശദമായ വൈദ്യ പരിശോധനക്ക് വിധേയമാക്കുകയായിരുന്നു. എക്സ്-റേ പരിശോധനയിലാണ് വയറിനകത്ത് മൂന്ന് കാപ്സ്യൂളുകൾ ദൃശ്യമായത്. ജംഷീറിനെ വിശദമായി ചോദ്യം ചെയ്തു വരികയാണ്. സ്വർണ്ണകടത്തിന് പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്താനുള്ള ശ്രമം തുടരുകയാണെന്ന് പോലീസ് അറിയിച്ചു. പിടിച്ചെടുത്ത സ്വർണ്ണം കോടതിയിൽ സമർപ്പിക്കും. തുടരന്വേഷണത്തിനായി വിശദമായ റിപ്പോർട്ട് കസ്റ്റംസിനും നൽകും. കരിപ്പൂർ വിമാനത്താവളത്തിന് പുറത്ത് വെച്ച് ഈ വർഷം പോലീസ് പിടികൂടുന്ന നാലാമത്തെ സ്വർണ്ണക്കടത്ത് കേസാണിത്.



# അഞ്ജുശ്രീയുടെ മരണം ആത്മഹത്യയെന്ന് സൂചന; കുറിപ്പ് കണ്ടെത്തി, ഫോണിൽ തിരഞ്ഞത് വിഷത്തേക്കുറിച്ച്

**കാസർകോട്:** കോളേജ് വിദ്യാർഥിനി അഞ്ജുശ്രീ പാർവതിയുടെ മരണം ആത്മഹത്യയെന്ന് സൂചന. വിദ്യാർഥിനിയുടെ മരണത്തിന് പിന്നാലെ പോലീസ് നടത്തിയ വിശദമായ അന്വേഷണത്തിലാണ് സംഭവം ആത്മഹത്യയാണെന്ന് സൂചനനൽകുന്ന വിവരങ്ങൾ ലഭിച്ചത്. അഞ്ജുശ്രീയുടെ ആത്മഹത്യാക്കുറിപ്പും മൊബൈൽ ഫോണും പോലീസ് കണ്ടെടുത്തിട്ടുണ്ട്. മാനസികസമ്മർദം കാരണം ജീവനൊടുക്കുന്നുവെന്നാണ് പെൺകുട്ടി ആത്മഹത്യാക്കുറിപ്പിൽ എഴുതിയിട്ടുള്ളതെന്നാണ് സൂചന. എന്നാൽ ഇതുസംബന്ധിച്ച കൂടുതൽവിവരങ്ങൾ പോലീസ് പുറത്തുവിട്ടിട്ടില്ല. അതിനിടെ, അഞ്ജുശ്രീയുടെ മൊബൈൽഫോണിൽ വിഷത്തിന്റെ ഉപയോഗം സംബന്ധിച്ച് തിരഞ്ഞതിന്റെ വിവരങ്ങളും പോലീസ് കണ്ടെടുത്തിട്ടുണ്ട്. ജനുവരി ഏഴാം തീയതി രാവിലെയാണ് കോളേജ് വിദ്യാർഥിനിയായ അഞ്ജുശ്രീ മരിച്ചത്. ഡിസംബർ 31-ന് കുഴിമന്തി കഴിച്ചശേഷം പെൺകുട്ടിക്ക് ശാരീരികാസ്വാസ്ഥ്യമുണ്ടായെന്നും ഭക്ഷ്യവിഷബാധയാണ് മരണത്തിന് കാരണമെന്നുമായിരുന്നു ബന്ധുക്കളുടെ ആരോപണം. ഇതോടെ അസ്വാഭാവികമരണത്തിന് പോലീസ് കേസെടുത്തു. സംഭവത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പും അന്വേഷണം ആരംഭിച്ചു. എന്നാൽ പെൺകുട്ടിയുടെ മരണം ഭക്ഷ്യവിഷബാധ കാരണമല്ലെന്ന് കഴിഞ്ഞദിവസം സ്ഥിരീകരിച്ചിരുന്നു. ഇതിനുപിന്നാലെയാണ് സംഭവം ആത്മഹത്യയാണെന്നും വിഷം ഉള്ളിൽച്ചെന്ന് മരണം സംഭവിച്ചതാണെന്നുമുള്ള സൂചനകൾ പോലീസിന് ലഭിച്ചത്. സംഭവത്തിൽ ആന്തരികാവയവങ്ങളുടെ രാസപരിശോധനഫലം കൂടി ലഭിക്കാനുള്ളതിനാൽ ഇതിനുശേഷമാകും പോലീസ് കൂടുതൽവിവരങ്ങൾ പുറത്തുവിടു





# അമ്മയ്ക്ക് ' ജി എസ് ടി നോട്ടീസ്, സ്റ്റേജ് ഷോകളിൽ നിന്നടക്കം ലഭിച്ച വരുമാനത്തിന് നികുതിയടയ്ക്കാൻ നിർദ്ദേശം

കൊച്ചി: മലയാള സിനിമയിലെ താരങ്ങളുടെ സംഘടനയായ അമ്മയ്ക്ക് ജി എസ് ടി നോട്ടീസ്. സ്റ്റേജ് ഷോകളിൽ നിന്നടക്കം കിട്ടിയ വരുമാനത്തിന് ജി എസ് ടി നൽകാനാണ് നോട്ടീസിൽ നിർദ്ദേശിച്ചിരിക്കുന്നത്. 2017 മുതലുള്ള ജി എസ് ടിയാണ് അടയ്ക്കേണ്ടത്. ചാരിറ്റബിൾ ഇൻസ്റ്റിട്യൂഷൻ എന്ന നിലയിലാണ് സംഘടന രജിസ്റ്റർചെയ്തിരിക്കുന്നത്. എന്നാലും വരുമാനം ലഭിച്ചിട്ടുണ്ടെങ്കിൽ ജി എസ് ടി നൽകാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. നോട്ടീസിനുള്ള മറുപടി ബന്ധപ്പെട്ടവർക്ക് ഉടൻ നൽകുമെന്ന് അമ്മ ഭാരവാഹികൾ അറിയിച്ചു.

# ലൈസൻസില്ല; ഹോട്ടൽ പൂട്ടിച്ചു

**പറവൂർ:** ചേന്ദമംഗലം കവലയിൽ നഗരസഭയുടെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച ഹോട്ടൽ ഫുഡ് ആൻഡ് സേഫ്റ്റി അധികൃതർ പൂട്ടിച്ചു. മായം ചേർത്ത രണ്ട് കിലോ ചായപ്പൊടി ഇവിടെനിന്ന് കണ്ടെടുത്തു. വെള്ളത്തിൽ ഇട്ടപ്പോൾത്തന്നെ കളർ ഇളകിയ ചായപ്പൊടി വിദഗ്ധ പരിശോധനക്കായി ലാബിലേക്ക് അയച്ചു. മറ്റൊരു ഹോട്ടലിൽനിന്ന് പിടികൂടി ഇത്തരം ചായപ്പൊടി നശിപ്പിച്ചു. പിഴ ഈടാക്കാൻ ഹോട്ടലിന് നോട്ടീസ് നൽകി.നഗരസഭ ആരോഗ്യ വിഭാഗം ജീവനക്കാർ നടത്തിയ പരിശോധനയിൽ കെ.എം.കെ കവലയിലെ കടയിൽനിന്ന് പഴകിയ ഭക്ഷണം പിടിച്ചെടുത്തു. ഭക്ഷണ പാക്കറ്റുകളിൽ പലതിലും തീയതി ഉണ്ടായിരുന്നില്ല. നിരോധിച്ച പ്ലാസ്റ്റിക് കവറുകൾ പിടികൂടിയ കടകൾക്ക് നോട്ടീസ് നൽകി. ഹെൽത്ത് ഇൻസ്പെക്ടർ യു. സുധീന്ദ്രൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ അനൂപ് കുമാർ, ശ്യം ലാൽ, ജയശ്രീ, ധന്യ ഇളയിടം എന്നിവർ പരിശോധനക്ക് നേതൃത്വം നൽകി. പരിശോധന തുടരുമെന്ന് നഗരസഭ ചെയർപേഴ്സൻ വി.എ. പ്രഭാവതി അറിയിച്ചു. ഹോട്ടലുകളിലെ പഴകിയ ഭക്ഷണം സംബന്ധിച്ച് ചർച്ച ചെയ്ത താലൂക്ക് വികസന സമിതി യോഗം താലൂക്കിലെ വിവിധ ഹോട്ടലുകളുടെയും അറവുശാലകളുടെയും പരിശോധനക്കായി ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി






# റോഡിന് സമീപം കലുങ്ക് ഇടിഞ്ഞു : ക്രാരിയേലിയിൽ വൻ കുഴി

**കുറുപ്പംപടി :** കൊമ്പനാട്-ക്രാരിയേലി റൂട്ടിൽ പാടശേഖരത്തിനുസമീപം കലുങ്ക് ഇടിഞ്ഞ് റോഡിൽ വലിയ കുഴി രൂപം കൊണ്ടു.ഒരുമാസം കഴിഞ്ഞിട്ടും പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്ന് കാര്യമായ നടപടിയൊന്നും ഉണ്ടായിട്ടില്ല. പഞ്ചായത്ത് അധികൃതർ അറിയിച്ചതിനേത്തുടർന്ന് ഗർത്തത്തിനുസമീപം ടാർ വീപ്പകൾ നിരത്തി മുന്നറിയിപ്പുമാത്രം നൽകി.റോഡിന്റെ ശേഷിച്ച ഭാഗവും ഇടിഞ്ഞുപോകാവുന്ന വിധത്തിലായിരിക്കുകയാണ്. റോഡിന്റെ ഇരുവശവും പാടശേഖരമായ ഇവിടെ ഒരുഭാഗത്തുനിന്ന് മറുഭാഗത്തേക്ക് വെള്ളം പോകുന്ന കലുങ്കിന്റെ ഒരു വശമാണ് ഇടിഞ്ഞുപോയത്.ഇതുവഴി പോകുന്ന കുടിവെള്ള പൈപ്പുകളും കേബിളുകളും ഏത് സമയവും തകർന്നുപോകാവുന്ന വിധത്തിലാണ്.സ്കൂൾ ബസുകളും സ്വകാര്യ ബസുകളും ഉൾപ്പെടെ നിരവധി വാഹനങ്ങൾ പോകുന്ന തിരക്കേറിയ റോഡാണ് ഇത്. പാണിയേലി പോരിലേക്കുള്ള സന്ദർശകരും ഇതുവഴിയാണ് പോകുന്നത്. കലുങ്ക് പൂർണമായി പൊളിച്ചുനീക്കി പുനർനിർമിക്കുകയാണ് വേണ്ടത്. എത്രയുംവേഗം നടപടിയുണ്ടായില്ലെങ്കിൽ അപകടങ്ങൾക്കും ഗതാഗത തടസ്സത്തിനും ഇടയാകുമെന്നും നാട്ടുകാർ പറഞ്ഞു.

# ജനവാസമേഖലയിൽ സെപ്റ്റിക് ടാങ്ക് മാലിന്യം തള്ളുന്നത് പതിവ്



**മരട്:** കുണ്ടന്നൂർ വികാസ് നഗറിൽ ജനവാസമേഖലയിൽ സെപ്റ്റിക് ടാങ്ക് മാലിന്യം തള്ളുന്നതായി പരാതി. മൂന്ന് മീറ്റർ വീതിയിലുള്ള കനാലിനോടു ചേർന്ന സ്ഥലത്താണ് രാത്രി സ്ഥിരമായി മാലിന്യം ടാങ്കർ ലോറിയിൽ കൊണ്ടുവന്ന് തള്ളുന്നത്. ഭാരവാഹനങ്ങൾക്കും മറ്റും പാർക്കിങ് ആവശ്യത്തിനും ഗോഡൗണിനുമായി വാടകക്ക് കൊടുത്ത സ്ഥലത്താണ് ഇത്തരത്തിൽ മാലിന്യം തള്ളൽ പതിവായത്.നിരവധി കുടുംബങ്ങൾ ഇതിനു സമീപം താമസിക്കുന്നുണ്ട്. മാലിന്യം തള്ളിയതോടെ ദുർഗന്ധം കാരണം സമീപവാസികൾ ദുരിതത്തിലായി. 30ന് രാത്രി 11 ഓടെ ടാങ്കർ ലോറിയിലാണ് സെപ്റ്റിക് ടാങ്ക് മാലിന്യം കൊണ്ടുവന്ന് തള്ളിയത്. പരിസരവാസിയായ മരട് വികാസ് നഗർ ചക്കിട്ടപ്പറമ്പിൽ വിഷ്ണു കുറ്റക്കാർക്കെതിരെ നടപടി വേണമെന്ന് ആവശ്യപ്പെട്ട് മാലിന്യം തള്ളുന്ന ഫോട്ടോ സഹിതം ആർ.ടി.ഒക്കും മരട് നഗരസഭക്കും പരാതി നൽകി.

# നാലുവരി ദേശീയപാതയിൽ ട്രാഫിക് ലംഘനങ്ങളേറെ കേസുകൾ 319, പിഴ ഒൻപത് ലക്ഷം



**അരൂർ :** അപകടമൊഴിവാക്കുന്നതിനുള്ള ലൈൻ ട്രാഫിക്ക് സംവിധാനത്തിന്റെ ലംഘനമേറെയും നടക്കുന്നത് ആലപ്പുഴയിൽ. അരൂർ മുതൽ ചേർത്തല വരെയുള്ള നാലുവരിപ്പാതയിൽ കഴിഞ്ഞദിവസം ഉദ്യോഗസ്ഥർ കണ്ടെത്തിയത് റെക്കോഡ് ലംഘനം. 319 കേസുകളിലായി 9.38 ലക്ഷം രൂപയാണ് പിഴയീടാക്കിയത്. ലൈൻ ട്രാഫിക് പരിശോധനയ്ക്കൊപ്പം മറ്റ് നിയമലംഘനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്.സംസ്ഥാനത്തൊട്ടാകെ നാലുവരിപ്പാതയുള്ള ഇടങ്ങളിലായിരുന്നു ലൈൻ ട്രാഫിക് പരിശോധന. ദൂരം കുറവെങ്കിലും അരൂർ മുതൽ ചേർത്തല വരെയുള്ള ഭാഗത്ത് നിയമലംഘനം ഏറെയാണന്ന് പരിശോധനയിൽ തെളിഞ്ഞു. ആർ.ടി.ഒ. സജി പ്രസാദിന്റെ നേതൃത്വത്തിൽ ചേർത്തല ജോയിന്റ് ട്രാൻസ്പോർട്ട് ഓഫീസർ ജെബി ഐ. ചെറിയാന്റെ നിർദേശത്തിലായിരുന്നു പരിശോധനകൾ.ആലപ്പുഴയിലെയും പത്തനംതിട്ടയിലെയും മോട്ടോർ വാഹനവകുപ്പിലെ 52 ഉദ്യോഗസ്ഥർ പങ്കെടുത്തു. മാതൃകാ സുരക്ഷാ ഇടനാഴി എന്ന പേര് നിലനിർത്തുന്നതിനായി പ്രദേശത്ത് തുടർന്നും പരിശോധനകൾ തുടരുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

# പ്രീ-പെയ്ഡ് ഓട്ടോ കൗണ്ടർ ഉദ്ഘാടനം




**ആലുവ :** ആലുവ റെയിൽവേ സ്ക്വയറിൽ പോലീസിന്റെ നവീകരിച്ച പ്രീ-പെയ്ഡ് ഓട്ടോ കൗണ്ടർ അൻവർ സാദത്ത് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. റൂറൽ എസ്.പി. വിവേക് കുമാർ അധ്യക്ഷത വഹിച്ചു.ആലുവ നഗരസഭാ ചെയർമാൻ എം.ഒ. ജോൺ മുഖ്യാതിഥിയായിരിന്നു. ആലുവ ഡി.വൈ.എസ്.പി. പി.കെ. ശിവൻകുട്ടി, ഇൻസ്പെക്ടർഎൽ. അനിൽകുമാർ, എസ്.ഐ. ജിജിൻ ജി. ചാക്കോ, മർച്ചൻറ്സ് അസോസിയേഷൻ പ്രസിഡന്റ് ഇ.എം. നസീർ ബാബു, ഓട്ടോത്തൊഴിലാളി കോ-ഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ കെ.ഐ. കുഞ്ഞുമോൻ, ആനന്ദ് ജോർജ്, പി.എ. സിദ്ദിഖ് എന്നിവർ സംസാരിച്ചു.



# ഹൈടെക്ക് അങ്കണവാടി തുറന്നു

**ചെങ്ങമനാട് :** ചെങ്ങമനാട് പഞ്ചായത്തിലെ ആറാം വാർഡിൽ പറമ്പയത്ത് പുതുതായി നിർമിച്ച 133-ാം നമ്പർ ഹൈടെക്ക് അങ്കണവാടി പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. അൻവർ സാദത്ത് എം.എൽ.എ. അധ്യക്ഷനായി.പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ടി.വി. പ്രദീഷ്, ജില്ലാ പഞ്ചായത്തംഗം എം.ജെ. ജോമി, പഞ്ചായത്ത് പ്രസിഡൻറ് സെബ മുഹമ്മദലി, വൈസ് പ്രസിഡൻറ് ഷാജൻ എബ്രഹാം, അമ്പിളി അശോകൻ, ദിലീപ് കപ്രശ്ശേരി, അമ്പിളി ഗോപി, റെജീന നാസർ, ഷക്കീല മജീദ്, നൗഷാദ് പാറപ്പുറം, ടി.വി. സുധീഷ്, ലത ഗംഗാധരൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ ഡോ. എം. സലീന, സി.ഡി.പി.ഒ. സൂസൺ പോൾ എന്നിവർ സംസാരിച്ചു.എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 38 ലക്ഷം രൂപ ചെലവിട്ടാണ് അങ്കണവാടി നിർമിച്ചത്.



# അരൂരിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാകും

**അരൂർ :** നിയോജക മണ്ഡലത്തിലെ 10 വില്ലേജ് ഓഫീസുകളും ഇനി സ്മാർട്ടാകും. എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടാണ് ഇതിനു വഴിയൊരുക്കിയത്. വില്ലേജ് ഓഫീസുകൾക്കായി 19 ലാപ്ടോപ്പുകളും 18 മൾട്ടി ഫങ്ഷൻ പ്രിന്ററുകളുമാണ് വാങ്ങി നൽകിയത്. ഇതിനായി 11.5 ലക്ഷം രൂപ ദെലീമ ജോജോ എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിൽനിന്ന് ചെലവിട്ടു.ഉപകരണങ്ങളുടെ വിതരണം എം.എൽ.എ. തൈക്കാട്ടുശ്ശേരിയിൽ ഉദ്ഘാടനം ചെയ്തു. സമ്മേളനം കളക്ടർ വി.ആർ. കൃഷ്ണതേജയും ഉദ്ഘാടനം ചെയ്തു. തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം. പ്രമോദ് അധ്യക്ഷത വഹിച്ചു.പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീത ഷാജി, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്മിത ദേവാനന്ദ്, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ. ജീവൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ബിനിത പ്രമോദ്, പി.എസ്. ഷാജി, ചേർത്തല തഹസിൽദാർ കെ.ആർ. മനോജ്, ഡെപ്യൂട്ടി തഹസിൽദാർ പി.പി. മധു, ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# സി.പി.എം പ്രവർത്തകനെ വധിക്കാൻ ശ്രമിച്ച കേസ്: നാല് ആർ.എസ്.എസുകാർക്ക് അഞ്ചുവർഷം തടവ്



**ചാവക്കാട്:** സി.പി.എം പ്രവർത്തകനായ കുന്നംകുളം വെസ്റ്റ് മങ്ങാട് നമ്പ്രത്ത് പ്രഭാകരന്റെ മകൻ നിഷിദ് കുമാറിനെ (45) വധിക്കാൻ ശ്രമിച്ച കേസിൽ നാല് ആർ.എസ്.എസ് പ്രവർത്തകർക്ക് അഞ്ചുവർഷം തടവും 10,000 രൂപ പിഴയും. വെസ്റ്റ് മങ്ങാട് സ്വദേശികളായ കോതോട്ട് വീട്ടിൽ നവീൻ പുഷ്കരൻ (28), ഏറത്ത് വീട്ടിൽ ഗൗതം സുധീർ (ഡാഡു - 29), നമ്പ്രത്ത് വീട്ടിൽ സനിൽ ഗോപി (30), പാറയിൽ വീട്ടിൽ സജിത്ത് സിദ്ധാർത്ഥൻ (30) എന്നിവരെയാണ് ചാവക്കാട് അസിസ്റ്റൻറ് സെഷൻസ് കോടതി ശിക്ഷിച്ചത്.മങ്ങാട് ദേവീക്ഷേത്രത്തിന് സമീപം 2016 ഏപ്രിൽ 24നു രാത്രി ഒമ്പതോടെയാണ് കേസിനാസ്പദമായ സംഭവം. നിയമസഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് മങ്ങാട് ദേവി ക്ഷേത്രത്തിന് സമീപം വെട്ടിക്കടവ്എൽ.ഡി.എഫ് ബൂത്ത് കമ്മിറ്റി ഓഫിസ് പ്രവർത്തിച്ചിരുന്നു. ബൂത്ത് പ്രസിഡന്റായിരുന്ന നിഷീദ് കുമാർ വീട്ടിലേക്ക് പോകാൻ ബൈക്കിന് അടുത്തേക്ക് നടക്കുമ്പോൾ ആർ.എസ്.എസ് പ്രവർത്തകരായ പ്രതികൾ വാളും ഇരുമ്പ് പൈപ്പുകളുമായി ബൈക്കുകളിലെത്തി ആക്രമിക്കുകയായിരുന്നു.ബൂത്ത് കമ്മിറ്റി ഓഫിസിലുണ്ടായിരുന്ന മറ്റു പ്രവർത്തകർ ഓടിയെത്തുമ്പോഴേക്കും പ്രതികൾ ആയുധങ്ങൾ വീശി ഭീകരാന്തരീക്ഷം സൃഷ്ടിച്ച് രക്ഷപ്പെട്ടു. രാഷ്ട്രീയ വിരോധമാണ് നിഷിദ് കുമാറിനെ വധിക്കാൻ ശ്രമിച്ചതിന്റെ കാരണം. പ്രോസിക്യൂഷന് വേണ്ടി ജില്ല അഡീഷനൽ പബ്ലിക് പ്രോസിക്യൂട്ടർ കെ.ആർ. രജിത് കുമാർ ഹാജരായി.

# പുലിവാലായി പൂവാലിത്തോട്ടിലെ മാലിന്യം



**കോടാലി:** കൊടകര -വെള്ളിക്കുളങ്ങര റോഡിലെ പൂവാലിത്തോട് പാലത്തിന് ചുവട്ടിൽ മാലിന്യം നിറയുന്നു. പാലത്തിൽനിന്ന് വലിച്ചെറിയുന്ന ജൈവ അജൈവ മാലിന്യമാണ് തോടും പരിസരവും വൃത്തിഹീനമാക്കുന്നത്. വെള്ളിക്കുളം വലിയതോടിന്റെ പ്രധാന പോഷക തോടുകളിലൊന്നാണ് പൂവാലിതോട്.കൊടകര വെള്ളിക്കുളങ്ങര റോഡിലെ പൂവാലിതോട് പാലത്തിന് അടിയിലൂടെ ഒഴുകി മാങ്കുറ്റിപ്പാടത്ത് വെച്ചാണ് ഈ തോട് വെള്ളിക്കുളം വലിയതോട്ടിൽ ചേരുന്നത്. രാത്രിയുടെ മറവിൽ തോട്ടിലേക്ക് വലിച്ചെറിയുന്ന മാലിന്യം പാലത്തിനടിയിൽ കുന്നുകൂടി കിടക്കുന്നത് പരിസരവാസികൾക്ക് മാത്രമല്ല വെള്ളിക്കുളം വലിയതോടിനെ ആശ്രയിക്കുന്ന കർഷകർക്കും തലവേദന സൃഷ്ടിക്കുന്നു.വേനലിൽ വറ്റിവരളുന്ന തോട്ടിൽ വീഴുന്ന മാലിന്യം മഴക്കാലത്ത് കുത്തിയൊഴുകി വെള്ളിക്കുളം വലിയ തോട്ടിലേക്കും തോട് കവിഞ്ഞ് കൃഷിയിടങ്ങളിലേക്കും എത്തുന്നുണ്ട്. പരിസരത്തെ മാലിന്യപ്രശ്നം പലതവണ ശ്രദ്ധയിൽപെടുത്തിയിട്ടും അധികാരികളുടെ ഭാഗത്തുനിന്ന് നടപടിയില്ല.നീരുറവകളുടേയും ജലസ്രോതസ്സുകളുടേയും സംരക്ഷണത്തിന് ത്രിതല പഞ്ചായത്തുകൾ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോഴും മറ്റത്തൂർ പഞ്ചായത്തിലെ പ്രധാന തോടുകളിലൊന്നായ പൂവാലിതോട് നവീകരിണത്തിന് നടപടിയില്ല. പാലത്തിനിരുവശത്തും നെറ്റ് സ്ഥാപിച്ചാൽ മാലിന്യം തോട്ടിലേക്ക് വലിച്ചെറിയാനാകില്ല.നൂറുകണക്കിനു വാഹനങ്ങൾ കടന്നുപോകുന്ന പാലവും പരിസരവും കാടുപിടിച്ചുകിടക്കുകയാണ്. പാലത്തിന്റെ കൈവരികളിൽ പാഴ്ചെടികൾ പടർന്നുകയറി വാഹനയാത്രക്കാരുടെ കാഴ്ച മറക്കുന്ന സ്ഥിതിയും ഉണ്ട്.

# മച്ചാട് വനംകൊള്ള; മുറിച്ചത് 22 ചന്ദനമരങ്ങൾ



**തൃശൂർ:** മച്ചാട് വനമേഖലയിൽനിന്ന് വനം കൊള്ളക്കാർ 22 ചന്ദന മരങ്ങൾ മുറിച്ചതായി വനം വകുപ്പിന്റെ പ്രത്യേക അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. പാകമാകാത്തവയായതിനാൽ മിക്കതും മുറിച്ച ശേഷം ഉപേക്ഷിക്കുകയായിരുന്നു. കഴിഞ്ഞ മാസം അറസ്റ്റിലായ സേലം സ്വദേശികളാണ് മരംമുറിക്ക് പിന്നിലെന്നാണ് സംശയം. വിറക് ശേഖരിക്കാൻ പോയ നാട്ടുകാരാണ് മച്ചാട് റേഞ്ചിലെ ചേപ്പലക്കോട് കാപ്പി പ്രദേശത്തുനിന്ന് മരം മുറിച്ച സംഭവം പുറത്തെത്തിച്ചത്. ഇതിന് പിന്നാലെ വനം വകുപ്പ് അസി. ഫോറസ്റ്റ് കൺസർവേറ്റർ എം.എ. അനസിൻറെ നേതൃത്വത്തിലുള്ള നാലംഗ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു.ഈ അന്വേഷണത്തിലാണ് 22 മരങ്ങൾ മുറിച്ചതായി കണ്ടെത്തിയത്. പൂർണവളർച്ചയെത്താത്തവയായിരുന്നു കൂടുതലും. കാതലില്ലാത്തതിനാൽ അവ ഉപേക്ഷിച്ച നിലയിലായിരുന്നു. മുറിച്ച മരങ്ങൾ കടത്തിയിട്ടില്ലെന്നാണ് പ്രാഥമിക നിഗമനം. ഇക്കാര്യത്തിൽ പരിശോധന തുടരുകയാണ്. പതിനഞ്ച് ദിവസത്തിൽ കൂടുതലായിട്ടില്ല മരം മുറിച്ചിട്ടിട്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.കഴിഞ്ഞ 19ന് മൊടവറക്കുന്നിൽനിന്ന് മരം മുറിച്ചു കടത്തിയ സേലം, ഏർക്കാട് സ്വദേശികളെ വനംവകുപ്പ് പിടികൂടിയിരുന്നു. ഇതിലൊരാൾ മച്ചാട് ഭാഗത്ത് എത്തിയിരുന്നതായി വിവരമുണ്ട്. അതുകൊണ്ടുതന്നെ അവരെ ചോദ്യം ചെയ്യാനായി കസ്റ്റഡിയിൽ വാങ്ങും. വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഒത്താശയിലാണ് മരം മുറിയെന്ന നാട്ടുകാരുടെ ആരോപണവും അന്വേഷിക്കുന്നുണ്ട്.

# ചാലക്കുടി അടിപ്പാത; മണ്ണും നിർമാണവും വേണം, എങ്ങനെ?



**ചാലക്കുടി:** ദീർഘകാലമായി യാത്രക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ദേശീയപാത ചാലക്കുടി അടിപ്പാത നിർമാണം വേഗം പൂർത്തീകരിക്കണം, എന്നാൽ, അതിനാവശ്യമായ മണ്ണ് കോട്ടമലയിൽ നിന്നെടുക്കുന്നതിൽ ആശങ്കയുമുണ്ട്. കോട്ടാമലയിലെ മണ്ണെടുപ്പിനെതിരെയുള്ള പ്രതിഷേധം അടിപ്പാത നിർമാണത്തെ ബാധിക്കുമോയെന്നും ആശങ്കയുണ്ട്. നിർമാണം മുടങ്ങിക്കിടന്ന അടിപ്പാതയുടെ ജോലി പുതിയ കരാറുകാരൻ ഏറ്റെടുത്തതോടെ വേഗത കൈവരിച്ചിരുന്നു.അടിപ്പാതയുടെ പ്രധാന കോൺക്രീറ്റിങ് പെട്ടെന്ന് പൂർത്തിയായത് പ്രതീക്ഷ നൽകിയിരുന്നു. ഫെബ്രുവരിയോടെ പണികൾ തീരാനുള്ള സാധ്യതയാണ് ഉണ്ടായിരുന്നത്. തുടർന്ന് ഇരുവശവും മണ്ണിട്ട് ഉയർത്തിക്കൊണ്ട് വരുന്ന പ്രവൃത്തിയാണ് അവശേഷിച്ചിരുന്നത്. ഏകദേശം 5000 ലോറി മണ്ണാണ് ഇതിന് ആവശ്യം വരുന്നത്.ഇത് മുഴുവനും കോട്ടാമലയിടിച്ച് കൊണ്ടുവരാനാണ് അധികൃതർ ലക്ഷ്യമിടുന്നത്. ഇത് പരിയാരം പഞ്ചായത്തിലെ മോതിരക്കണ്ണി പ്രദേശത്ത് പ്രതിഷേധം ഉയർത്തി. പ്രതിഷേധത്തെ തുടർന്ന് പണി തടസ്സപ്പെടാൻ സാധ്യതയേറെയാണ്. അടിപ്പാതക്ക് ആവശ്യമായ മണ്ണ് മറ്റെവിടെയെങ്കിലും നിന്ന് കണ്ടെത്തുംവരെ പണികൾക്ക് പ്രതിസന്ധിയുണ്ടാകാം.കോട്ടമലയിൽ നിന്ന് മണ്ണെടുക്കുന്നതിനെതിരെ പ്രകടമായ പ്രതിഷേധവുമായി രംഗത്തുള്ളത് എൽ.ജെ.ഡി മാത്രമാണ്. ഇതോടെ സി.പി.എം, കോൺഗ്രസ്, സി.പി.ഐ, ബി.ജെ.പി എന്നീ പാർട്ടികൾക്കും ഈ വിഷയത്തിൽ നയം വ്യക്തമാക്കേണ്ടി വരും. മണ്ണെടുപ്പിന് തടസ്സം നേരിട്ടാൽ കരാറുകാരന് ബദൽ മാർഗങ്ങൾ തേടേണ്ടി വരും.കോട്ടാമലയിലെ മണ്ണെടുപ്പ് ജിയോളജി വകുപ്പിന്റെ അനുമതിയോടെയായതിനാൽ തടയാനാവില്ലെന്ന് ചാലക്കുടി തഹസിൽദാർ ഇ.എൻ. രാജു. താലൂക്ക് വികസന സമിതി യോഗത്തിൽ അംഗങ്ങൾ ഈ വിഷയത്തിൽ പ്രശ്നമുന്നയിച്ചപ്പോഴാണ് തഹസിൽദാർ ഇങ്ങനെ പ്രതികരിച്ചത്.കോട്ടാമലയിലെ മണ്ണെടുപ്പിനെ കുറിച്ച് ചാലക്കുടി താലൂക്ക് വികസന സമിതി യോഗത്തിൽ സജീവമായ ചർച്ചയായി. കോട്ടാമലയിലെ മണ്ണെടുപ്പ് ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടില്ലെന്നും വൈകാതെ പ്രശ്നം കലക്ടറുടെ ശ്രദ്ധയിൽ പെടുത്താമെന്നും അദ്ദേഹം വ്യക്തമാക്കി. ചാലക്കുടി ദേശീയപാതയിൽ ഇപ്പോൾ അപകടങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ അടിപ്പാതയുടെ നിർമാണത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടതെന്ന് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വേണു കണ്ഠരുമഠത്തിൽ അഭിപ്രായപ്പെട്ടു. മണ്ണെടുപ്പ് മൂലം മോതിരക്കണ്ണി മേഖലയിൽ വൻദുരന്തം സംഭവിക്കാതിരിക്കാൻ ഉടൻ മണ്ണെടുപ്പ് നിർത്തിവയ്ക്കണമെന്നും അധികാരികൾ പ്രശ്നം പഠിക്കണമെന്നും എൽ.ജെ.ഡി പ്രതിനിധി ജോർജ് വി. ഐനിക്കൽ ആവശ്യപ്പെട്ടു.മേലൂർ പഞ്ചായത്ത് പ്രസിഡന്റ് എം.എസ്. സുനിത, കാടുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസി ഫ്രാൻസിസ്, ഐ.ഐ. അബ്ദുൽ മജീദ്, ഉദ്യോഗസ്ഥ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# കരുതൽ മേഖല: റവന്യൂ വകുപ്പ് ജാഗ്രത പുലർത്തണം - എൻ. ഷംസുദ്ദീൻ എം.എൽ.എ




**മണ്ണാർക്കാട്:** സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ കരുതൽ മേഖലയുമായി ബന്ധപ്പെട്ട ആകാശ ഭൂപടത്തിൽ മണ്ണാർക്കാട് നഗരസഭ ഉൾപ്പെട്ടതിലെ തെറ്റ് തിരുത്തുന്നതിൽ റവന്യൂ വകുപ്പ് പ്രത്യേക ജാഗ്രത പുലർത്തണമെന്ന് എൻ. ഷംസുദ്ദീൻ എം.എൽ.എ നിർദേശിച്ചു. മണ്ണാർക്കാട് താലൂക്ക് വികസന സമിതി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എം.ഇ.എസ് ഭൂ നികുതി വിഷയവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവുണ്ടെങ്കിൽ തഹസിൽദാർക്ക് കൈമാറാൻ യോഗത്തിൽ അധ്യക്ഷത വഹിച്ച നഗരസഭ ചെയർമാൻ സി. മുഹമ്മദ് ബഷീർ പറഞ്ഞു.ദേശീയപാതയുടെ പ്രവൃത്തി തടസ്സപ്പെടുന്ന തരത്തിൽ കൈയേറ്റം ശ്രദ്ധയിൽപെട്ടാൽ വകുപ്പ് അധികൃതർ റിപ്പോർട്ട് ചെയ്യണമെന്നും യോഗം നിർദേശിച്ചു.കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയിൽനിന്നുള്ള വെള്ളം മെഴുംപാറയിലേക്ക് ഉടൻ എത്തിച്ച് നൽകണമെന്ന് ഇറിഗേഷൻ വകുപ്പിന് നിർദേശം നൽകി.കലക്ഷൻ ഇല്ലെന്ന കാരണത്താൽ കെ.എസ്. ആർ.ടി.സി ബസുകൾ നിർത്തുന്നതിനെതിരെ വിമർശനമുയർന്നു. സ്കൂൾ ബസുകൾ അമിത വേഗതയിൽ സഞ്ചരിക്കുന്നുവെന്ന പരാതിയെ തുടർന്ന് ഡ്രൈവർമാർക്ക് ബോധവത്കരണം നൽകാൻ തീരുമാനിച്ചു. കൃഷിയിടങ്ങളിലെ കുരങ്ങ് ശല്യം നിയന്ത്രിക്കാനും വെടിവെച്ച് കൊല്ലുന്ന കാട്ടുപന്നികളുടെ മാംസം വിൽപ്പന നടത്താനും നടപടിയുണ്ടാകണമെന്ന് ആവശ്യമുയർന്നു.തഹസിൽദാർ കെ. ബാലകൃഷ്ണൻ, അഡീഷനൽ തഹസിൽദാർ സക്കീർ ഹുസൈൻ, ഡെപ്യൂട്ടി തഹസിൽദാർ സി. വിനോദ്, ഡിവൈ.എസ്.പി വി.എ. കൃഷ്ണദാസ്, പൊതുപ്രവർത്തകരായ എം. ഉണ്ണീൻ, ടി.എ. സലാം മാസ്റ്റർ, പാലോട് മണികണ്ഠൻ, സദക്കത്തുല്ല പടലത്ത്, സുബ്രഹ്മണ്യൻ, സന്തോഷ്, അബൂബക്കർ തച്ചമ്പാറ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഊട്ടിയിലേക്കുള്ള റോഡ് അടച്ച് തമിഴ്നാട്: വിനോദ സഞ്ചാരികളെ വിലക്കി




കേരളം 140 കോടി രൂപ മുടക്കി റോഡ് നവീകരിച്ചതിന് പിന്നാലെ നിയന്ത്രണവുമായി തമിഴ് നാട്. പാലക്കാട് അട്ടപ്പാടി മുള്ളി വഴി ഊട്ടിയിലേക്കുള്ള റോഡ് തമിഴ്നാട് അടച്ചു. വനംവകുപ്പ് ചെക്ക്പോസ്റ്റിലൂടെ യാത്രക്കാരെ വിലക്കിയിരിക്കുകയാണ്.മാസങ്ങൾക്ക് മുമ്പായിരുന്നു താവളം മുതൽ മുള്ളി വരെയുള്ള 28.5 കിലോമീറ്റർ റോഡ് നവീകരണം. വിനോദത്തിനായി ഊട്ടിയിലേക്കുള്ള യാത്രയ്ക്കായി നിരവധി പേരാണ് മുള്ളി വഴിയുള്ള റോഡ് തെരഞ്ഞെടുക്കുന്നത്. റോഡ് അടച്ചതിനാൽ മിക്കവരും ചെക്ക്പോസ്റ്റ് വരെയെത്തി തിരിച്ചെത്തുകയാണിപ്പോൾ.റോഡ് നവീകരിച്ചതോടെ ധാരാളം വിനോദസഞ്ചാരികളെത്തുമെന്ന പ്രതീക്ഷയിൽ നിരവധി ഹോട്ടലുകളും കടകൾ പ്രദേശത്ത് ആരംഭിച്ചിരുന്നു. ഇവയെല്ലാം പ്രതിസന്ധിയിലാകുന്ന നടപടിയാണ് തമിഴ്നാടിന്റെ ഭാഗത്ത് നിന്നുണ്ടായിരിക്കുന്നത്. ആനമല കടുവാ സങ്കേതത്തിൽ മുള്ളി മേഖല കൂടി ഉൾപ്പെടുന്നതിനാലാണ് റോഡ് അടച്ചതെന്നാണ് തമിഴ്നാട് പറയുന്നത്. പ്രശ്ന പരിഹാരത്തിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല ചർച്ച വേണമെന്ന ആവശ്യവും ഉയരുന്നുണ്ട്. വന്യജീവി സങ്കേതത്തിനകത്ത് കൂടിയുള്ള റോഡുകളിലും രാത്രിയാത്ര നിയന്ത്രണം ഏർപ്പെടുത്താറുണ്ട്. എന്നാൽ ഒരു റോഡും അടച്ചിടരുതെന്നാണ് നാട്ടുകാരുടെ ആവശ്യം.

# മണ്ണാർക്കാട്ടെ ഗതാഗതക്കുരുക്ക്: ട്രാഫിക് അഡ്വൈസറി കമ്മിറ്റി വീണ്ടും യോഗം ചേരും

**മണ്ണാർക്കാട്:** നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിന് ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ വിപുലമായ യോഗം ജനുവരി 17ന് ചേരും. വെള്ളിയാഴ്ച ചേർന്ന ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി യോഗത്തിലാണ് ഇത് സംബന്ധിച്ച് തീരുമാനമായത്. ബസ് ഉടമകൾക്കും ഡ്രൈവർമാർക്കും ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കും. അനധികൃതമായ വാഹന പാർക്കിങ്ങും സ്വകാര്യ ബസുകളുടെ അനധികൃത സ്റ്റോപ്പുകളുമാണ് നഗരത്തിൽ ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നതെന്നാണ് ആക്ഷേപം.ചില ഭാഗങ്ങളിൽ പാർക്കിങ് സ്ഥലത്ത് രാവിലെ മുതൽ വൈകീട്ട് വരെ വാഹനങ്ങൾ നിർത്തിയിട്ട് പോകുന്നവരെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതിമണ്ണാർക്കാട് യൂനിറ്റ് ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയോട് ആവശ്യപ്പെട്ടു.ബസ് സ്റ്റാൻഡ്, കോടതിപ്പടി തുടങ്ങിയ തിരക്കേറിയ ഭാഗങ്ങളിൽ പൊലീസ് വാഹനം നിർത്തിയിട്ടുള്ള പരിശോധന ഒഴിവാക്കുക, ട്രാഫിക് സിഗ്നൽ ബോർഡുകൾ കൃത്യമായി കാണുന്ന വിധം കൂടുതൽ ഇടങ്ങളിൽ സ്ഥാപിക്കുക, റോഡ് കൈയേറി വാഹനങ്ങളിലും ഷെഡ്ഡ് കെട്ടിയും അനധികൃത



വ്യാപാരം നടത്തുന്നവർക്കെതിരെ നടപടിയെടുക്കുക, ടൗണിലെ സ്വകാര്യ വ്യക്തികളുടേതുൾപ്പെടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പാർക്കിങ് അനുവദിക്കുക എന്നീ നിർദേശങ്ങൾ വ്യാപാരികൾ മുന്നോട്ടുവെച്ചു.കഴിഞ്ഞ വർഷം ജനുവരിയിലാണ് നഗരത്തിൽ പുതിയ ഗതാഗത പരിഷ്കാരങ്ങൾ നടപ്പാക്കിയത്. പച്ചക്കറി മാർക്കറ്റ് വൺവേയാക്കൽ, ഓട്ടോ സ്റ്റാൻഡുകളുടെ ക്രമീകരണം തുടങ്ങിയവയായിരുന്നു പ്രധാന പ്രഖ്യാപനങ്ങൾ. കോടതിപ്പടി കവലയിലെ അപകടങ്ങൾക്ക് തടയിടാൻ ട്രാഫിക് സിഗ്നൽ സംവിധാനമടക്കം നടപ്പാക്കുമെന്ന് നഗരസഭ അറിയിച്ചിരുന്നു.എന്നാൽ, ഗതാഗത പരിഷ്കാരം പ്രഖ്യാപിച്ച് വർഷമൊന്നായിട്ടും പലപ്രഖ്യാപനങ്ങളും നടപ്പായിട്ടില്ല. നഗരത്തിലെ ഗതാഗതപ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം വേണമെന്നും പൊലീസ് മാത്രം വിചാരിച്ചാൽ നടപ്പാകുന്ന കാര്യമല്ലെന്നും ഡിവൈ.എസ്.പി വി.എ. കൃഷ്ണദാസ് പറഞ്ഞു.നെല്ലിപ്പുഴ മുതൽ കുന്തിപ്പുഴ വരെയുള്ള ഭാഗത്ത് പൊലീസിന്റെ വാഹന പരിശോധന ഒഴിവാക്കൽ, വൺവേ സംവിധാനം കൃത്യമായി നടപ്പാക്കൽ തുടങ്ങിയ കാര്യങ്ങൾ യോഗം ചർച്ച ചെയ്തു. 17ന് ചേരുന്ന അഡ്വൈസറി കമ്മിറ്റി യോഗത്തിൽ ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കും.നഗരസഭ ചെയർമാൻ സി. മുഹമ്മദ് ബഷീർ, വൈസ് ചെയർപേഴ്സൻ കെ. പ്രസീത, സെക്രട്ടറി, മണ്ണാർക്കാട് ഡിവൈ.എസ്.പി വി.എ. കൃഷ്ണദാസ് എന്നിവർ പങ്കെടുത്തു.

# സേഫ് ആൻഡ് സ്ട്രോങ് നിക്ഷേപത്തട്ടിപ്പ് : ഷൊർണൂർ ഓഫീസ് സീൽ ചെയ്തു

**ഷൊർണൂർ** : നിക്ഷേപത്തട്ടിപ്പ് കേസിൽ തൃശ്ശൂരിലെ സേഫ് ആൻഡ് സ്ട്രോങ് എന്ന ധനകാര്യസ്ഥാപനത്തിന്റെ ഷൊർണൂരിലെ ഓഫീസിൽ പോലീസ് പരിശോധന നടത്തി. രേഖകളും ഹാർഡ് ഡിസ്കുകളും പിടിച്ചെടുത്തു. തുടർന്ന് ഓഫീസ് പൂട്ടി സീൽ ചെയ്തു. തൃശ്ശൂർ ഈസ്റ്റ് പോലീസാണ് പരിശോധന നടത്തിയത്.ശനിയാഴ്ച രാവിലെയാണ് പരിശോധന ആരംഭിച്ചത്. ഈ സമയം സ്ഥാപനത്തിലെ വനിതാ ജീവനക്കാരാണ് ഉണ്ടായിരുന്നത്. ഇവരിൽനിന്ന് നിക്ഷേപവിവരങ്ങളുൾപ്പെടെ പോലീസ് ശേഖരിച്ചു. അതേസമയം, ഷൊർണൂരിൽനിന്ന് പരാതിയൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെന്ന് എസ്.എച്ച്.ഒ. പി.എം. ഗോപകുമാർ പറഞ്ഞു. തൃശ്ശൂരിലെ പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. വിശദപരിശോധനയ്ക്കുശേഷം ഓഫീസ് സീൽ ചെയ്ത് തൃശ്ശൂർ ഈസ്റ്റ് സ്റ്റേഷനിലെ എസ്.ഐ. ഇ.വി. സുഭാഷും സംഘവും മടങ്ങി. വനിതാപോലീസുൾപ്പെടെ ആറുപേരടങ്ങിയ സംഘമാണ് എത്തിയത്. കമ്പനിയുടമ പ്രവീൺ




റാണയ്ക്കെതിരേ തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ മാത്രം 11 കേസെടുത്തിട്ടുണ്ട്.48 ശതമാനം വരെ പലിശ വാഗ്ദാനം ചെയ്തായിരുന്നു തട്ടിപ്പ്. ഒരു ലക്ഷം മുതൽ ഇരുപതുലക്ഷം വരെ രൂപ നഷ്ടപ്പെട്ടവരാണ് പരാതിക്കാർ. ഷൊർണൂരിൽനിന്ന് വൻതുക നിക്ഷേപം സ്വീകരിച്ചിട്ടുണ്ടെന്നാണ് പ്രാഥമികനിഗമനം. ഷൊർണൂരിലെ ഓഫീസിൽനിന്ന് ലഭിച്ച രേഖകൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുമെന്ന് എസ്.ഐ. ഇ.വി. സുഭാഷ് പറഞ്ഞു.



# നവജ പദ്ധതി: വാർഡുകൾ ഏറ്റെടുക്കാൻ മലപ്പുറം ജില്ല പഞ്ചായത്ത്

മലപ്പുറം
ജില്ലാ പഞ്ചായത്ത്

**മലപ്പുറം:** ഗ്രാമങ്ങൾ നവീനമാക്കാൻ ജില്ല പഞ്ചായത്ത് നടപ്പാക്കുന്ന നവജ പദ്ധതിക്ക് റിപ്പബ്ലിക് ദിനത്തിൽ തുടക്കമാകും. ജില്ലയിലെ 94 പഞ്ചായത്തുകളിലെയും ഒരു വാർഡ് ഓരോ വർഷവും ഏറ്റെടുത്ത് മാതൃക കേന്ദ്രമാക്കി ഉയർത്തുകയും മാലിന്യ സംസ്കരണവും സംസ്കാരവും വളർത്തി 10 വർഷം കൊണ്ട് ജില്ലയെ ക്ലീൻ സിറ്റിയാക്കി മാറ്റുകയാണ്ലക്ഷ്യം.കേന്ദ്ര, സംസ്ഥാന സർക്കാർ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം തദ്ദേശ വകുപ്പ് മന്ത്രി എം.ബി. രാജേഷ് നിർവഹിക്കും. ഓരോ വർഷവും ഓരോ വാർഡുകളിലാണ് നവജ മിഷന്റെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പാക്കുക. റോഡ്, പാലം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനം എന്നതിലുപരി ശുചിത്വത്തിനാണ് നവജ പ്രാധാന്യം നൽകുന്നത്.വാർഡ് പരിധിയിലെ എല്ലാ വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശുചിമുറി നിർമാണം, ആധാർ തൊഴിൽ കാർഡ് അടക്കമുള്ള രേഖകൾ ഉണ്ടാക്കൽ എന്നിവക്കാണ് ആദ്യ പരിഗണന. വീടുകളിൽ മുള ഉപയോഗിച്ച് നിർമിച്ച കൊട്ടകൾ സ്ഥാപിക്കും. പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യം ഇവയിൽ നിക്ഷേപിക്കാം.നവജയിൽ മാലിന്യ സംസ്കരണം അടക്കം 101 പദ്ധതികൾ അടങ്ങിയിരിക്കുന്നു. പട്ടിക വിഭാഗ കോളനികൾക്ക് പ്രത്യേക പരിഗണന നൽകി സമഗ്ര വികസനം നടപ്പാക്കും. ആദ്യഘട്ടത്തിൽ ദത്തെടുക്കേണ്ട മുഴുവൻ വാർഡുകളുടെയും പട്ടിക തയാറാക്കി. ജില്ല പഞ്ചായത്ത് അംഗങ്ങളാണ് വാർഡുകൾ തെരഞ്ഞെടുത്തത്. പദ്ധതിയുടെ ഭാഗമായി ജില്ലതല ഗ്രാമസഭ ജനുവരി 26ന് ആനക്കയത്ത് നടക്കും. അതിന് മുന്നോടിയായി 94 പഞ്ചായത്തുകളിലും ആദ്യഘട്ടം ഏറ്റെടുക്കുന്ന വാർഡുകളിലെ അംഗങ്ങൾ, പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ബ്ലോക്ക് അംഗങ്ങൾ എന്നിവർക്കായി സംഘടിപ്പിക്കുന്ന ശിൽപശാല ജനുവരി 17ന് നടക്കും.ജില്ല പഞ്ചായത്ത് 2022-23 വർഷത്തെ വാർഷിക പദ്ധതി പുരോഗതി 30 ശതമാനം മാത്രം.സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ടുമാസം മാത്രം ബാക്കി നിൽക്കെയാണ് 150 കോടി രൂപയുള്ള ആകെ പദ്ധതി വിഹിതത്തിൽ 30 ശതമാനം ചെലവഴിച്ചത്.പദ്ധതി ബില്ലുകൾ ട്രഷറിയിൽ മാറാൻ നേരിടുന്ന കാലതാമസമാണ് പ്രശ്നത്തിന് കാരണമെന്ന് ജില്ല പഞ്ചായത്ത് സെക്രട്ടറി എൻ.എ. അബ്ദുൽ റഷീദ് അറിയിച്ചു. ഫെബ്രുവരി ആകുമ്പോഴേക്ക് വിനിയോഗം 70 ശതമാനം പിന്നിടുമെന്നും മാർച്ചിന് മുന്നോടിയായി 100 ശതമാനത്തിലെത്തുമെന്നും അദ്ദേഹം വിശദീകരിച്ചു. നിലവിൽ ജില്ല പഞ്ചായത്ത് തുക ചെലവഴിക്കുന്നതിൽ സംസ്ഥാന തലത്തിൽ നാലാം സ്ഥാനത്താണ്.

# അമിതവേഗത്തിൽ വന്ന കണ്ടെയ്നർ ലോറി മറിഞ്ഞു

**തിരൂർ:** തിരൂർ -താനൂർ പ്രധാന റോഡിൽ പെരുവഴിയമ്പലത്ത് വളവിൽ അമിതവേഗത്തിൽ വന്ന കണ്ടെയ്നർ ലോറി മറിഞ്ഞ് അപകടം. എറണാകുളത്തുനിന്ന് കണ്ണൂരിലെ തളിപ്പറമ്പിലേക്ക് അലൂമിനിയം സ്ക്രാപ്പുമായി പോവുകയായിരുന്ന കണ്ടെയ്നർ ലോറിയാണ് മറിഞ്ഞത്.അപകടത്തിൽ കണ്ടെയ്നർ ലോറി ഡ്രൈവർ കളമശ്ശേരി സ്വദേശി മിഥുനിനും ഒപ്പമുണ്ടായിരുന്ന അപ്പുവിനും പരിക്കേറ്റു. ഇവരെ നാട്ടുകാരും യാത്രക്കാരും ചേർന്ന് തിരൂർ ജില്ല ആശുപത്രിയിൽ പ്രവേശിപ്പിച്ചു.




ശനിയാഴ്ച പുലർച്ച 2.30നാണ് അപകടം.അതേസമയം, ശനിയാഴ്ച രാവിലെ 10ഓടെ മറിഞ്ഞ കണ്ടെയ്നർ ലോറി റോഡിൽനിന്ന് ക്രെയിൻ ഉപയോഗിച്ച് മാറ്റുന്നതിനിടെ താനൂർ ഭാഗത്തുനിന്ന് വരുകയായിരുന്ന മറ്റൊരു കണ്ടെയ്നർ ലോറി റോഡരികിലെ വൈദ്യുതിത്തൂണിൽ ഇടിച്ചു.ഇടിയുടെ ആഘാതത്തിൽ മറിഞ്ഞുവീണ വൈദ്യുതിത്തൂൺ റോഡരികിലുണ്ടായിരുന്ന ക്രെയ്ൻ ഓപറേറ്ററായ കൂറ്റനാട് സ്വദേശിയായ യുവാവിന്റെ ദേഹത്തേക്ക് മറിഞ്ഞുവീഴുകയായിരുന്നു.അപകടത്തിൽ പരിക്കേറ്റ യുവാവിനെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. യുവാവ് അപകടനില തരണം ചെയ്തതായി ഡോക്ടർമാർ പറഞ്ഞു. ഇതോടെ ഗതാഗതക്കുരുക്ക് രൂക്ഷമായതിനാൽ തിരൂർ സി.ഐ എം.ജെ. ജിജോയുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘവും നാട്ടുകാരും ചേർന്ന് ഗതാഗതം നിയന്ത്രിച്ചു.പിന്നീട് ക്രെയിൻ ഉപയോഗിച്ച് ലോറി റോഡിൽനിന്ന് മാറ്റി ഗതാഗതം പുനഃസ്ഥാപിച്ചു.

# വെറ്ററിനറി സർജനോട് അപമര്യാദയായി പെരുമാറി; ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർക്ക് സസ്പെൻഷൻ

**മലപ്പുറം:** തിരുനാവായ വെറ്ററിനറി സർജനോട് അപമര്യാദയായി പെരുമാറിയെന്ന പരാതിയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എ. കൗശിഗൻ സസ്പെൻഡ് ചെയ്തു. തിരുനാവായ വെറ്ററിനറി ഡിസ്പെൻസറിയിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ജയ്സണെയാണ് കേരള ഗവ. വെറ്ററിനറി ഓഫിസേഴ്സ് അസോസിയേഷൻ (കെ.ജി.വി.ഒ.എ) നടത്തിയ പ്രതിഷേധത്തിനൊടുവിൽ സസ്പെൻഡ് ചെയ്തത്. വെള്ളിയാഴ്ച രാവിലെ ജില്ല മൃഗസംരക്ഷണ വകുപ്പ് ഓഫിസിലായിരുന്നു പ്രതിഷേധം.വെറ്ററിനറി സർജൻ ഏൽപിക്കുന്ന ജോലി ചെയ്യാതിരിക്കുകയും പൊതുജന സാന്നിധ്യത്തിൽ വെല്ലുവിളിക്കുകയും ചെയ്തതിന് ജില്ല മൃഗസംരക്ഷണ ഓഫിസർ കാരണം കാ




ണിക്കൽ നോട്ടീസും മെമ്മോയും നൽകിയിരുന്നു. ഇതിന് ജയ്സൺ നൽകിയ മറുപടി അംഗീകരിക്കാനാകില്ലെന്നും അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ജില്ല മൃഗസംരക്ഷണ ഓഫിസർ റിപ്പോർട്ട് നൽകിയിരുന്നു. കൂടാതെ, ചട്ടവിരുദ്ധമായി വകുപ്പിനെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ നിരാഹാര സമരം നടത്തിയത് ഗുരുതര അച്ചടക്കലംഘനമാണെന്ന് ഉത്തരവിൽ പറയുന്നു.രാവിലെ പത്തിന് തുടങ്ങിയ പ്രതിഷേധം വൈകീട്ട് വരെ തുടർന്നു.അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. സജീവ് കുമാർ, ജില്ല പ്രസിഡൻറ് ഡോ. രജീഷ്, സെകട്ടറി ഡോ. ജോബിൻ, ലീഗൽ സെൽ കൺവീനർ ഡോ. അജയകുമാർ, ഡോ. ഷമീം ആലുങ്ങൽ, ഡോ. സാജിത, ഡോ. കാർത്തികേയൻ, ഡോ. അംഗിറസ് എന്നിവർ നേതൃത്വം നൽകി.

# പൊതുജന പരാതി: തേഞ്ഞിപ്പലം എസ്.ഐയെ സ്ഥലംമാറ്റി

**തേഞ്ഞിപ്പലം:** പൊതുജനങ്ങളിൽ നിന്നുള്ള പരാതിയെ തുടർന്ന് തേഞ്ഞിപ്പലം എസ്.ഐ എൻ. രഞ്ജിത്തിനെ സ്ഥലംമാറ്റി. ജില്ല ക്രൈം ബ്രാഞ്ചിലേക്കാണ് സ്ഥലംമാറ്റം. ജില്ല പൊലീസ് മേധാവി എസ്. സുജിത് ദാസാണ് അച്ചടക്ക നടപടിയെടുത്തത്. പൊലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തുന്നവരോടും വാഹന പരിശോധനക്കിടയിലും മോശമായി പെരുമാറുന്നു എന്നത് അടക്കമുള്ള പരാതിയെ തുടർന്നാണ് അച്ചടക്ക നടപടിയുണ്ടായത്.



താനൂർ പൊലീസ് സ്റ്റേഷനിൽ നിന്നാണ് എൻ. രഞ്ജിത്ത് തേഞ്ഞിപ്പലത്തേക്ക് മാസങ്ങൾക്ക് മുമ്പ് സ്ഥലംമാറി എത്തിയത്. വാഹന പരിശോധനക്കിടെയുണ്ടായ പ്രശ്നങ്ങളെ തുടർന്ന് പെരുവള്ളൂർ സ്വദേശിയെ വീട്ടിൽ പോയി കസ്റ്റഡിയിലെടുക്കാൻ ശ്രമിച്ചത് വലിയ പ്രതിഷേധത്തിനിടയാക്കിയിരുന്നു. താനൂർ പൊലീസ് സ്റ്റേഷനിൽ ജോലിയിലിരിക്കെയും പരാതികളുണ്ടായിരുന്നതായാണ് വിവരം. കൊല്ലം സ്വദേശിയാണ്.

# ബസും കാറും കൂട്ടിയിടിച്ച് മൂന്ന് പേർക്ക് പരിക്ക്



**പരപ്പനങ്ങാടി:** ചിറമംഗലത്ത് ബസും കാറും കൂട്ടിയിടിച്ച് അപകടത്തിൽ മൂന്നുപേർക്ക് പരിക്ക്. ശനിയാഴ്ച ഉച്ചക്ക് മൂന്നോടെയാണ് സംഭവം. തിരൂരിൽനിന്ന് കോഴിക്കോട്ടേക്ക് പോകുന്ന ബസും പരപ്പനങ്ങാടി ഭാഗത്തേക്ക് വന്ന കാറും കൂട്ടിയിടിക്കുകയായിരുന്നു.ഇടിയുടെ ആഘാതത്തിൽ കാറിന്റെ മുൻഭാഗം പൂർണമായും തകർന്നു. വണ്ടിയോടിച്ച പാലപ്പെട്ടി സ്വദേശി നിസാര പരിക്കോടെ രക്ഷപ്പെട്ടു. ബസിലെ രണ്ടു യാത്രികർക്കും ചെറിയ പരിക്കുപറ്റി. ഇവർ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി.

# നൊമ്പരമായി ഷൈജയുടെ മരണം



**കോഴിക്കോട്:** കലോത്സവവേദികളിലെ സജീവ സാന്നിധ്യവും സംഘാടകയുമായ പുതിയങ്ങാടി എടക്കാട് സർവശ്രീയിൽ ഷൈജയുടെ മരണം രക്ഷിതാക്കളെയും നൃത്താധ്യാപകരെയും കുട്ടികളെയും സങ്കടത്തിലാഴ്ത്തി. വർഷങ്ങളായി എല്ലാ ജില്ല -സംസ്ഥാന സ്കൂൾ കലോത്സവ വേദികളിലും മത്സരാർഥികൾക്കും രക്ഷിതാക്കൾക്കും സഹായി കൂടിയായിരുന്നു അവർ.മത്സരം ആരംഭിക്കുന്നതിന്റെ തലേദിവസം മുഖ്യവേദിയായ വിക്രം മൈതാനിയിലെത്തി ഫോട്ടോ എടുത്ത് സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തിരുന്നു. കലോത്സവത്തിന്റെ ആദ്യദിനം മത്സരം കണ്ട് ഭർത്താവിനൊപ്പം സ്കൂട്ടറിൽ പോകവെ ഇംഗ്ലീഷ് പള്ളിക്കടുത്ത് ബസിടിച്ചു. ഗുരുതര പരിക്കേറ്റ് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.ആംഗ്ലോ ഇന്ത്യൻ സ്കൂളിൽ പഠിക്കവെ മകൾ ശാംഭവി പലതവണ സംസ്ഥാനതല മത്സരത്തിൽ പങ്കെടുത്തിട്ടുണ്ട്. ജില്ലയിലെ നർത്തകർക്ക് പുതിയ അവസരങ്ങൾ കണ്ടെത്തിനൽകുന്നതിൽ വലിയ സംഭാവനയാണ് ഷൈജയുടേത്. ഷൈജയുടെ മരണവിവരം മത്സരാർഥികളെ ദുഃഖത്തിലാഴ്ത്തി.



# ഒത്തൊരുമയുടെ വിജയം

കലോത്സവത്തിൽ മത്സരിക്കാനെത്തിയ കുട്ടികൾ റെയിൽവേ സ്റ്റേഷനിലെത്തുമ്പോൾ ഹൽവ നൽകിയാണ് കോഴിക്കോട് നഗരം വരവേറ്റത്. കോവിഡ് കവർന്ന ഇടവേളയ്ക്കുശേഷമെത്തിയ കലോത്സവം കോഴിക്കോട്ടുകാർ അക്ഷരാർഥത്തിൽ ഏറ്റെടുക്കുകയായിരുന്നു. സമീപകാലത്തെങ്ങുമില്ലാത്ത ജനക്കൂട്ടം ഒഴുകിയെത്തിയ മേള, സമയബന്ധിതമായി പൂർത്തിയാക്കാനായതിന്റെ പേരിലാവും എന്നും ഓർമിക്കപ്പെടുക. അതുപോലെതന്നെ സംഘാടകമികവിനാലും.സംഘാടകസമിതിയും 21 സബ് കമ്മിറ്റികളും ഒറ്റമനസ്സായി പ്രവർത്തിച്ചു. അധ്യാപകസംഘടനകളും രാഷ്ട്രീയപ്പാർട്ടികളും തദ്ദേശസ്ഥാപനങ്ങളും എല്ലാം മേളയുടെ വിജയത്തിനായി ചേർന്നുപ്രവർത്തിച്ചു. മേൽനോട്ടം വഹിച്ച വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിയും പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസും ചെറിയകാര്യങ്ങളിൽപ്പോലും നേരിട്ടിടപെട്ടു. മേളയുടെ മുന്നൊരുക്കങ്ങൾക്കായി മന്ത്രി ശിവൻകുട്ടി കോഴിക്കോട്ടെത്തിയപ്പോൾ മുതൽ ഇരുവരുമൊന്നിച്ചാണ് എല്ലാം നോക്കിനടത്തിയത്. രാത്രിവൈകിയുള്ള സംഘാടകസമിതിയുടെ അവലോകനയോഗങ്ങൾക്കുവരെ ഇരുവരും ഒന്നിച്ചെത്തി.എല്ലാവരെയും ചേർത്തുനിർത്തി മേള എല്ലാ അർഥത്തിലും ജനകീയമാക്കാനുമായി. കാൽലക്ഷം പേരോളം ദിവസേന ഭക്ഷണംകഴിച്ച ഊട്ടുപുരയിൽനിന്നും പരാതിയൊന്നുമുണ്ടായില്ല. സമയബന്ധിതമായി പൂർത്തീകരിക്കണമെന്നതായിരുന്നു സംഘാടകസമിതിയുടെ ആദ്യതീരുമാനം. ഇതു പൂർണമായും വിജയത്തിലെത്തിക്കാനായതാണ് വലിയനേട്ടം. മേളയുടെ വിജയത്തിൽ ഏറെ അഭിമാനമുണ്ടെന്ന് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. ''അത്രകണ്ട് മനോഹരമായിരുന്നു ഈ കലോത്സവം. അതിന് കോഴിക്കോട്ടുകാരോടാണ് നന്ദിപറയേണ്ടത്. ഹൽവപോലെ മധുരമുള്ളതാണ് കോഴിക്കോടിന്റെ സ്നേഹം''. കലോത്സവത്തെയും ടൂറിസത്തെയും ബന്ധിപ്പിക്കാൻ ടൂറിസം മന്ത്രി കൂടിയായ മുഹമ്മദ് റിയാസ് നടത്തിയ ശ്രമങ്ങളും അദ്ദേഹം എടുത്തുപറഞ്ഞു.കലോത്സവത്തിന്റെ ഓർമ ഹൽവയുടെ മധുരത്തെക്കാൾ കലാപ്രതിഭകളുടെ മനസ്സിലുണ്ടാവുമെന്ന് മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് ഒത്തുനിന്നതിന്റെ വിജയമാണിത്. വിദ്യാഭ്യാസമന്ത്രിയുടെ നേതൃത്വത്തിലുള്ള ടീം വർക്കിന്റെ വിജയമാണിതെന്നും അദ്ദേഹം പറഞ്ഞു.

# കേരളത്തിൽ ആദ്യമായി കൈകൾക്ക് മാത്രമായുള്ള സമഗ്ര ചികിത്സാവിഭാഗം മൈത്ര



**കോഴിക്കോട്:** കേരളത്തിലെ ആദ്യത്തെ, കൈകൾക്ക് മാത്രമായുള്ള സമഗ്ര ചികിത്സ വിഭാഗത്തിന് മൈത്ര ഹോസ്പിറ്റലിൽ തുടക്കംകുറിച്ചു. ഡോ. ഗോപാലകൃഷ്ണൻ എം.എൽ , ഡോ. ഫെബിൻ അഹമ്മദ് പി.ഐ എന്നിവരാണ് നേതൃത്വം നൽകുന്നത് .വാഹനാപകടങ്ങൾ, ഫാക്ടറി യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾ,ബൈക്കിന്റെ ചെയിനുള്ളിൽ കൈ കുടുങ്ങുക, മിക്സിയുടെ ഉള്ളിൽ കൈ പെട്ടുപോകുക തുടങ്ങിയ അവസ്ഥകളിൽ കൈകൾക്കു സംഭവിക്കുന്ന പരിക്കുകൾ പലപ്പോഴും പലരുടെയും ജീവിതം തന്നെ മാറ്റി മറിക്കാറുണ്ട്.അറ്റുപോയ കൈ തുന്നിച്ചേർത്ത്, പേരിന് ഒരു അവയവം എന്ന നിലയിൽ അല്ലാതെ പൂർണ്ണമായും പ്രവർത്തനക്ഷമതയുള്ള കൈ ഉറപ്പുവരുത്താൻ ഇന്ന് ഹാൻഡ്, മൈക്രോവാസ്കുലർ ആൻഡ് കൺസ്ട്രക്ടീവ് സർജറവിഭാഗങ്ങൾ ആശുപ്രതികളിൽ പ്രവർത്തിക്കുന്നുണ്ട്. ഉത്തരകേരളത്തിൽ ഇത്തരത്തിലുള്ള ആദ്യ യൂനിറ്റാണ് കോഴിക്കോട് മൈത്ര ഹോസ്പറ്റലിലേത്. കൈകൾ അറ്റുപോയ അവസ്ഥ,കൈകൾ എല്ലുപൊട്ടി തൂങ്ങിക്കിടക്കുന്ന അവസ്ഥ ,വിരലുകൾക്ക്, കൈപ്പത്തിക്ക് ഒക്കെ വൈകല്യംസംഭവിക്കാൻ സാധ്യതയുള്ള വിധത്തിലുള്ള ഒടിവും പൊട്ടലും സംഭവിക്കുന്നവരെ എത്രയും പെട്ടെന്ന് ആശുപ്രതിയിലെത്തിക്കുകയും വിദഗ്ധ ചികിത്സ തക്കസമയത്ത് ലഭ്യമാക്കാനും സാധിച്ചാൽ നമുക്ക് കൈകളെ മാത്രമല്ല, അവരുടെ തുടർന്നുള്ള ജീവിതത്തിന്റെ തന്നെ ഗതിമാറാതെ കാത്തുസൂക്ഷിക്കാൻ കഴിയും.

# വിടപറഞ്ഞത് നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ലളിത സൗഹാർദം



**കോഴിക്കോട്:** ചരിത്രമുറങ്ങുന്ന കുറ്റിച്ചിറ മിശ്കാൽ പള്ളിയോട് ചേർന്ന ഓഫിസിൽ സന്ദർശകരെ നിറഞ്ഞ ചിരിയുമായി സ്വീകരിച്ചിരുന്ന സൗമ്യസാന്നിധ്യം വിടപറഞ്ഞു. 680 കൊല്ലത്തോളമായി തുടരുന്ന കോഴിക്കോട്ടെ ഖാദി പരമ്പരയുടെ ഇങ്ങേത്തലക്കൽ വേഷത്തിലും ഭാവത്തിലുമെല്ലാം അതിലളിത ജീവിതം നയിച്ച കാട്ടിൽ വീട്ടിൽ ഇമ്പിച്ചമ്മദ് ഹാജി എന്ന കെ.വി. ഇമ്പിച്ചമ്മദ് കോഴിക്കോടൻ സൗഹൃദത്തിന്റെ പ്രതീകമായിരുന്നു. 1343ൽ ഫക്റുദ്ദീൻ ഉസ്മാനിലൂടെ തുടങ്ങിയ ഖാദി പരമ്പരയിലെ 21ാമത്തെ കണ്ണിയായ അദ്ദേഹം സാധാരണക്കാരുടെ ഇടയിൽ ജീവിച്ചു. 1968 മുതൽ 2008 വരെ 50 വർഷക്കാലം കോഴിക്കോട് ഖാദിയായ നാലകത്ത് മുഹമ്മദ് കോയ ബാഖവിയുടെ പിന്തുടർച്ചക്കാരനായി അദ്ദേഹത്തിന്റെ അർധസഹോദരൻ കൂടിയായ ഇമ്പിച്ചമ്മദ് ഹാജി ചുമതലയേറ്റെങ്കിലും ഉന്നതസ്ഥാനം അദ്ദേഹത്തിന്റെ ലാളിത്യത്തിന് തടസ്സമായില്ല.മലയാളത്തിന്റെ വിഖ്യാത കാവ്യം മുഹ്യിദ്ദീൻ മാലയുടെ രചയിതാവ് ഖാദി മുഹമ്മദ്, കേരളത്തിലെ പ്രമുഖ പണ്ഡിതരായിരുന്ന ഖാദി സദഖത്തുല്ല, ഖാദി അബ്ദുൽ അസീസ്, അരനൂറ്റാണ്ട് കാലത്തോളം മിശ്കാൽ പള്ളി കേന്ദ്രീകരിച്ച് ഖാദി പദവി അലങ്കരിച്ചിരുന്ന പള്ളിവീട്ടിൽ മാമുക്കോയ, നാലകത്ത് മുഹമ്മദ് കോയ ബാഖവി എന്നിവർ പരമ്പരയിലെ പ്രധാനികളാണ്. സമ്പന്നമായ ഈ പാരമ്പര്യത്തിന്റെ സവിശേഷത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലും നിറഞ്ഞുനിന്നിരുന്നു.എല്ലാവരെയും ഒരുമിച്ചു കൊണ്ടുപോവുന്നതിലും മതവിഭാഗങ്ങൾ തമ്മിലുള്ള ഐക്യം നിലനിർത്തുന്നതിലും കോഴിക്കോടിന്റെ മതസൗഹാർദ പാരമ്പര്യം നിലനിർത്തുന്നതിലുമെല്ലാം വലിയ പങ്കാണ് നിർവഹിച്ചത്. ശവ്വാൽ, റമദാൻ ഉൾപ്പെടെ മാസപ്പിറവി സ്ഥിരീകരിക്കുന്നതിൽ ഖാദിമാരുടെ തീരുമാനമാണ് അന്തിമം. ഇത്തരം വിഷയങ്ങളിൽ തർക്കമില്ലാത്ത രീതിയിൽ അദ്ദേഹം ആ ദൗത്യം നിർവഹിച്ചുപോന്നു.ചരിത്രപ്രസിദ്ധമായ കുറ്റിച്ചിറയിലെ മിശ്കാൽ പള്ളി നവീകരിക്കുന്നതിന് നേതൃത്വം നൽകിയത് ഇമ്പിച്ചമ്മദ് ഹാജിയാണ്. മിശ്കാൽ പള്ളി അക്രമിച്ച പോർചുഗീസുകാരെ ചെറുത്ത് തോൽപിച്ചത് സാമൂതിരിയുടെ നായർപടയാളികൾകൂടെ ചേർന്നാണ്. അന്നുമുതലേയുള്ള അടുപ്പം മിശ്കാൽ പള്ളി കേന്ദ്രമായുള്ള പലകാലങ്ങളിൽ നിയമിക്കപ്പെട്ട ഖാദിമാരുമായി സാമൂതിരിയുടെ പിന്തുടർച്ചക്കാർ കാത്തുസൂക്ഷിക്കുന്നുണ്ട്. അത് നിലനിർത്തിപ്പോരുന്നതിന് ഇമ്പിച്ചമ്മദ് ഹാജി പ്രത്യേകം ശ്രദ്ധനൽകി. ഭിന്നത ഇല്ലാതാക്കുന്നതിന് വേണ്ടിയും ഐക്യത്തിനും നിലകൊണ്ടു.മാസപ്പിറവിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മതപരവും ശാസ്ത്രീയവുമായ കാഴ്ചപ്പാടുകൾ പരിഗണിച്ച് തീരുമാനമെടുക്കാൻ ഖാദി നാസർ അബ്ദുൽ ഹയ്യ് ശിഹാബ് തങ്ങളുമായും ഖാദി മുഹമ്മദ് കോയ ജമലുല്ലൈലി തങ്ങളുമായുമെല്ലാം കൂടിയാലോചന നടത്തി തീരുമാനങ്ങൾ എടുത്തു. ഇപ്പോഴത്തെ സാമൂതിരി കെ.സി. ഉണ്ണി അനുജൻ രാജയുമായി നിരവധി ചടങ്ങുകളിൽ അദ്ദേഹം വേദി പങ്കിട്ടു. ആദരസൂചകമായിശനിയാഴ്ച വൈകീട്ട് കുറ്റിച്ചിറയിലും പരിസരങ്ങളിലും കടകൾ അടച്ച് ഹർത്താലാചരിച്ചു.മന്ത്രി അഹമ്മദ് ദേവർകോവിൽ, മന്ത്രി പി.എ. മുഹമ്മദ് റിയാസ്, 'മാധ്യമം' സി.ഇ.ഒ പി.എം. സ്വാലിഹ്, ജോയന്റ് എഡിറ്റർ പി.ഐ. നൗഷാദ്, എം.കെ. രാഘവൻ എം.പി, ബിഷപ് ഡോ. റോയ് മനോജ് വിക്ടർ, ഡോ. ഹുസൈൻ മടവൂർ, കുറ്റിച്ചിറ ജമാഅത്ത് പള്ളി കമ്മിറ്റി പ്രസിഡന്റ് വി.പി. അബ്ദുറഹിമാൻ, വെൽഫെയർ പാർട്ടി സംസ്ഥാന പ്രസിഡന്റ് റസാഖ് പാലേരി, ജില്ല നേതാക്കളായ ടി.കെ. മാധവൻ, മുസ്തഫ പാലാഴി, പി.സി. മുഹമ്മദ് കുട്ടി തുടങ്ങി നിരവധി വ്യക്തിത്വങ്ങൾ വസതി സന്ദർശിച്ചു. കെ.എൻ.എം പ്രസിഡന്റ് ടി.പി. അബ്ദുല്ലക്കോയ മദനി അനുശോചിച്ചു.

## പ്രാദേശിക വാർത്തകൾ

## വയനാട്

# കരുതൽമേഖല: മിക്കയിടത്തും വിവരങ്ങൾ പൂർണമായി അപ്‌ലോഡ് ചെയ്യാനായില്ല



**മാനന്തവാടി :** കരുതൽമേഖലയുമായി ബന്ധപ്പെട്ടുള്ള ഫീൽഡ് സർവേയിലൂടെ ലഭിച്ച പരാതികൾ അപ്‌ലോഡ് ചെയ്യാൻ നൽകിയ കാലാവധി ശനിയാഴ്ച അവസനിച്ചതോടെ മിക്ക തദ്ദേശസ്ഥാപനങ്ങളിലും ലഭിച്ച പരാതികൾ പൂർണമായി അപ്‌ലോഡ് ചെയ്യാൻ സാധിച്ചിട്ടില്ല. തിരുനെല്ലി ഉൾപ്പെടെയുള്ള ചില തദ്ദേശസ്ഥാപനങ്ങളിൽ ഫീൽഡ് സർവേയും ഇതുവരെ പൂർത്തിയായിട്ടില്ല. മാനന്തവാടി, സുൽത്താൽബത്തേരി നഗരസഭകളും നൂൽപ്പുഴ, പൊഴുതന, തരിയോട്, നെന്മേനി, പൂതാടി,പുല്പള്ളി, മുള്ളൻകൊല്ലി, തിരുനെല്ലി ഗ്രാമപ്പഞ്ചായത്തുകളിലുമാണ് ജില്ലയിൽ കരുതൽമേഖലയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നത്. നഗരസഭയിൽ സുൽത്താൻബത്തേരിയെയും ഗ്രാമപ്പഞ്ചായത്തിൽ തിരുനെല്ലിയെയുമാണ് നിയന്ത്രണങ്ങൾ വലിയരീതിയിൽ ബാധിക്കുക. മിക്ക തദ്ദേശസ്ഥാപന അധികൃതരിലും കൃത്യമായ കണക്ക് ഇപ്പോഴും ലഭ്യമല്ല. സുൽത്താൻ ബത്തേരിയിൽ മൂവായിരത്തോളം പരാതികളാണ് ഇതിനകം ലഭിച്ചതെന്ന് നഗസഭാധ്യക്ഷൻ ടി.കെ. രമേശ് പറഞ്ഞു. മൊബൈൽ ആപ്പുമായി ബന്ധപ്പെട്ട് അമ്പതോളംപേർക്ക് പരിശീലനം നൽകിയിരുന്നെങ്കിലും ഇതിൽ പത്തോളംപേർക്ക് മാത്രമാണ് ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്ത് വിവരങ്ങൾ നൽകാൻ സാധിച്ചത്. സെർവർതകരാർ കാരണം കഴിഞ്ഞ രണ്ടുദിവസം മാത്രമാണ് അപ്‌ലോഡ്നടപടികൾതുടങ്ങിയതെന്നും ഇതുവരെ മുന്നൂറ് പരാതികൾ മാത്രമാണ് അപ്‌ലോഡ് ചെയ്യാൻ സാധിച്ചതെന്നും അദ്ദേഹം പറഞ്ഞു.മാനന്തവാടി നഗരസഭയിൽ പയ്യമ്പള്ളി വില്ലേജിലാണ് കരുതൽമേഖലയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളുള്ളത്. തദ്ദേശസ്ഥാപന അധികൃതർ വനം, റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ നടത്തിയ സർവേയിൽ 500 പരാതികളാണ് ലഭിച്ചത്. നഗരസഭയിൽ ലഭിച്ച പരാതികൾ ക്രോഡീകരിച്ച് ഉപാധ്യക്ഷൻ ജേക്കബ് സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ നേർത്ത് വയനാട് ഡി.എഫ്.ഒ. മാർട്ടിൻ ലോവലിന് കൈമാറി. പരാതികൾ ന്യായമെന്ന് ബോധ്യപ്പെട്ടതായും മൊബൈൽ ആപ്പിൽ വിവരങ്ങൾ പൂർണമായി അപ്‌ലോഡ് ചെയ്യാൻ സാധിക്കാത്തതിനെ തുടർന്നാണ് വിവരങ്ങൾ നേരിട്ട് ഡി.എഫ്.ഒ.യ്ക്ക് കൈമാറിയതെന്നും നഗരസഭാ അധികൃതർ പറഞ്ഞു.ഉപാധ്യക്ഷനു പുറമേ കൗൺസിലർമാരായ ആലീസ് സിസിൽ, ഷിബു കെ. ജോർജ്, നഗരസഭാ സെക്രട്ടറി സന്തോഷ് മാമ്പള്ളി എന്നിവരും ഡി.എഫ്.ഒ.യ്ക്ക് പരാതി നൽകുമ്പോൾ ഒപ്പമുണ്ടായിരുന്നു. തിരുനെല്ലി ഗ്രാമപ്പഞ്ചായത്തിൽ ഫീൽഡ് സർവേയിലൂടെ 2962 പരാതികളാണ് ലഭിച്ചത്. ലഭിച്ച പരാതികളെല്ലാം അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും അപ്‌ലോഡ് ചെയ്തതൊക്കെ സേവായോ എന്ന് അറിയില്ലെന്നും ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് പി.വി. ബാലകൃഷ്ണൻ പറഞ്ഞു. തരിയോട് ഗ്രാമപ്പഞ്ചായത്തിൽ ലഭിച്ച 36 പരാതികളും അപ്‌ലോഡ് ചെയ്യാൻ സാധിച്ചതായി പ്രസിഡന്റ് വി.ജി. ഷിബു പറഞ്ഞു. നെന്മേനി പഞ്ചായത്തിൽ 222 പരാതികളാണ് ഇതുവരെ ഔദ്യോഗികമായി ലഭിച്ചതെന്നും എന്നാൽ, 350മുതൽ 400വരെ പരാതികൾ വരാനിടയുണ്ടെന്നും പ്രസിഡന്റ് ഷീലാ പുഞ്ചവയൽ പറഞ്ഞു.അസറ്റ് മാപ്പർ സെർവർ ഇതുവരെ ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. ഇതിന്റെ പ്രയാസങ്ങൾ ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിച്ചതായും അവർ പറഞ്ഞു.ഒന്ന്, 10, 11 വാർഡുകളിലായി പുല്പള്ളി ഗ്രാമപ്പഞ്ചായത്തിൽനിന്ന് 875 പരാതികളാണ് ലഭിച്ചതെന്ന് പുല്പള്ളി ഗ്രാമപ്പഞ്ചായത്ത് അധികൃതർ പറഞ്ഞു. നൂൽപ്പുഴ, പൊഴുതന, പൂതാടി, മുള്ളൻകൊല്ലി തദ്ദേശസ്ഥാപന അധ്യക്ഷരെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ലഭ്യമായില്ല.ആറളം, കൊട്ടിയൂർ വന്യജീവിസങ്കേതങ്ങളിൽ ഉൾപ്പെടുന്ന കേളകത്ത് തദ്ദേശസ്ഥാപന ഹെൽപ്പ് ഡെസ്കുകൾ വഴി 1829 പരാതികൾ ലഭിച്ചപ്പോൾ അവയിൽ 722 എണ്ണം പരിഹരിച്ചെന്നും ഇവ അസറ്റ് മാപ്പറിൽ അപ്‌ലോഡ് ചെയ്തെന്നുമാണ് വനംവകുപ്പ് നൽകിയ വിവരം. ആറളത്ത് ലഭിച്ച 144 പരാതികളിൽ 10 എണ്ണം പരിഹരിച്ചെന്നും അവ അപ്‌ലോഡ് ചെയ്തെന്നും വനംവകുപ്പ് നൽകിയ റിപ്പോർട്ടിലുണ്ട്.എന്നാൽ, കൊട്ടിയൂർ, ആറളം വന്യജീവിസങ്കേതങ്ങളുടെ നിയന്ത്രണപരിധിയിൽ വരുന്ന തിരുനെല്ലിയിൽനിന്ന് ഒരു പരാതിയും ലഭിച്ചതായി വനംവകുപ്പ് വെള്ളിയാഴ്ച സർക്കാരിന് സമർപ്പിച്ച രേഖയിലില്ല. മലബാർ വന്യജീവിസങ്കേതത്തിന്റെ പരിധിയിൽവരുന്ന പൊഴുതനയിൽനിന്ന് നാല്പത്തിയൊന്നും തരിയോടിൽനിന്ന് 37 പരാതികളും ലഭിച്ചതായാണ് വനംവകുപ്പിന്റെ കണക്ക്. പൊഴുതനയിൽനിന്നുള്ള ഏഴുകെട്ടിടങ്ങളുടെ വിവരങ്ങൾ 41 ആപ്ലിക്കേഷനുകളിലായും തരിയോടിലെ 23 കെട്ടിടങ്ങളുടെ വിവരങ്ങൾ 37 ആപ്ലിക്കേഷനുകളിലായും അപ്‌ലോഡ് ചെയ്തു.വയനാട് വന്യജീവിസങ്കേതത്തിന്റെ പരിധിയിൽവരുന്ന തദ്ദേശസ്ഥാപനങ്ങളിൽനിന്ന് ആകെ 9472 പരാതികളാണ് ലഭിച്ചത്. അവ യഥാക്രമം സുൽത്താൻബത്തേരി നഗരസഭ (2967), നൂൽപ്പുഴ (1119), നെന്മേനി (222), പൂതാടി (567), പുല്പള്ളി (1514), മുള്ളൻകൊല്ലി (330), തിരുനെല്ലി (2071), മാനന്തവാടി നഗരസഭ (590), മീനങ്ങാടി (92) എന്നിങ്ങനെയാണ്. ഇതിൽ തിരുനെല്ലി ഗ്രാമപ്പഞ്ചായത്തിലെ 2018 പരാതികൾ മാത്രമാണ് അസറ്റ് മാപ്പർ വഴി അപ്‌ലോഡ് ചെയ്യാനായത്.

# ഗതാഗതക്കുരുക്കിൽ വീർപ്പുമുട്ടി മാനന്തവാടി നഗരം




**മാനന്തവാടി:** ഗതാഗതക്കുരുക്കിൽ വീർപ്പുമുട്ടി മാനന്തവാടി നഗരം. മലയോര ഹൈവേയുടെ ഭാഗമായുള്ള റോഡ് നിർമാണം നടക്കുന്നതുമൂലം ഏർപ്പെടുത്തിയ ഗതാഗത നിയന്ത്രണം വാഹനയാത്രക്കാരെ ഏറെ വലച്ചിരിക്കുകയാണ്. ഇതിന് പിന്നാലെയാണ് മാനന്തവാടി നഗരസഭ സി.ഡി.എസ് വാർഷികത്തോടനുബന്ധിച്ച് ശനിയാഴ്ച നഗരത്തിൽ വൻ റാലി നടത്തിയത്.ഇത് മൂലം രാവിലെ തന്നെ മണിക്കൂറുകളോളമാണ് നഗരത്തിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടത്. ഉച്ചയോടെയാണ് കുരുക്കിന് നേരിയ ആശ്വാസം അനുഭവപ്പെട്ടത്. ഗതാഗതക്കുരുക്കുണ്ടാക്കുന്ന തരത്തിൽ റാലി നടത്തിയ കുടുംബശ്രീയുടെ നടപടിയിൽ വ്യാപക പ്രതിഷേധം ഉയർന്നിട്ടുണ്ട്. റോഡുപണിയുമായി ബന്ധപ്പെട്ട് രണ്ട് മാസത്തേക്ക് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ നഗരത്തിൽ വലിയ റാലികൾക്കും പൊതുയോഗങ്ങൾക്കും പൊലീസ് അനുമതി നൽകരുതെന്ന ആവശ്യം ശക്തമായിട്ടുണ്ട്.

# തിരുനെല്ലിയിൽ എട്ട് മാസമായി വില്ലേജ് ഓഫിസറില്ല




**മാനന്തവാടി:** കരുതൽ മേഖലയുമായി ബന്ധപ്പെട്ട ഫീൽഡ് സർവേ ഉൾപ്പെടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ആളില്ലാതെ എട്ട് മാസമായി തിരുനെല്ലിയിൽ വില്ലേജ് ഓഫിസറുടെ കസേര ഒഴിഞ്ഞ് കിടക്കുന്നു. വിവിധ സർട്ടിഫിക്കറ്റുകൾക്കായി എത്തുന്ന ജനങ്ങൾ യഥാസമയം സർട്ടിഫിക്കറ്റുകൾ ലഭിക്കാതെ വലയുന്നു. തൃശ്ശിലേരി വില്ലേജ് ഓഫിസർക്ക് തിരുനെല്ലിയുടെ കൂടി ചാർജ് നൽകിയിരിക്കുകയാണ്.തൃശ്ശിലേരിയിൽ തന്നെ എടുത്താൽ തീരാത്ത പണിയുണ്ടെന്ന് ജീവനക്കാർ സാക്ഷ്യപ്പെടുത്തുന്നു. രണ്ട് വന്യജീവി സങ്കേതങ്ങളിൽ ഉൾപ്പെട്ട പ്രദേശമായതിനാൽ കരുതൽ മേഖല വിഷയം ഏറ്റവും അധികം ബാധിക്കുന്ന പഞ്ചായത്താണ് തിരുനെല്ലി. അതിനാൽ ഫീൽഡ് സർവേയുടെ കാര്യത്തിൽ വലിയ ആശങ്കയിലാണ് പഞ്ചായത്തിലെ ജനങ്ങൾ. അടിയന്തരമായി വില്ലേജ് ഓഫിസറെ നിയമിച്ച് ജനങ്ങളുടെ ആശങ്കയകറ്റണമെന്ന് യൂത്ത് കോൺഗ്രസ് തിരുനെല്ലി മണ്ഡലം കമ്മിറ്റി ആവിശ്യപ്പെട്ടു.

# അരി പ്രധാന വീക്ക്നെസ്, പേര് അരസിരാജ



**സുൽത്താൻബത്തേരി :** അരിയാണ് സുൽത്താൻബത്തേരിയെ വിറപ്പിച്ച അരസിരാജയെന്ന കാട്ടാനയുടെ പ്രധാന 'വീക്ക്നെസ്'. പേരുവീണതും ഈ അരിഭ്രാന്തു കൊണ്ടുതന്നെ. അരിതിന്നാനായി പത്തുവയസ്സിനിടെ 'അരസിരാജ' ഗൂഡല്ലൂർ മേഖലയിൽ നൂറോളം വീടുകൾ അക്രമിച്ചിട്ടുണ്ടെന്നാണ് വനംവകുപ്പ് പറയുന്നത്. കഴിഞ്ഞമാസം അക്രമണത്തിനിടെയാണ് ഒരു സ്ത്രീ വീട് തകർന്നുവീണ് മരിച്ചത്.മറ്റൊരു സ്ത്രീ ചവിട്ടേറ്റും മരിച്ചു. പന്തല്ലൂർ മേഖലയിൽ സ്ഥിരംഭീഷണിയായി തീർന്നതോടെ തമിഴ്നാട്ടിലെ വനംവകുപ്പ് പിടികൂടിയശേഷം റേഡിയോകോളർ ഘടിപ്പിച്ച് മുതുമല ഫോറസ്റ്റിൽതന്നെതുറന്നുവിടുകയായിരുന്നു. ഒരുമാസം മുൻപ് യാത്രതുടങ്ങിയ ആന 170 കിലോമീറ്റർ താണ്ടിയാണ് സുൽത്താൻബത്തേരിയിലെത്തിയത്. ഇതിനിടെ രണ്ടാഴ്ചമുൻപ് വനംവകുപ്പ് മുത്തങ്ങയിൽനിന്ന് ഇതിനെ തിരികെ തുരത്തിയോടിക്കുകയും ചെയ്തിരുന്നു. മുതുമല വന്യജീവിസങ്കേതത്തിലെ സത്യമംഗലം വനത്തിൽനിന്ന് പുറപ്പെട്ട് ബന്ദിപ്പൂർ ഫോറസ്റ്റിലൂടെ കേരള അതിർത്തി കടന്ന് ആദ്യം കുപ്പാടിയിലെത്തി. പിന്നീട് കുറിച്യാട് ഫോറസ്റ്റ് റേഞ്ചിലേക്ക് പ്രവേശിച്ചു. മൂന്നുദിവസം കുറിച്യാട് മേഖലയിലുണ്ടായിരുന്നു. കട്ടയാട്ടുനിന്നാണ് വെള്ളിയാഴ്ച പുലർച്ചെ സുൽത്താൻബത്തേരി ടൗണിലേക്ക് കടന്നതും വഴിയാത്രക്കാരനെ അക്രമിക്കുന്നതും. രാത്രിയിൽ ഒരു ജൂവലറിയുടെ മതിലും ആന തകർത്തിട്ടുണ്ട്. അക്രമത്തിനുശേഷം വീണ്ടും വനത്തിനുള്ളിലൂടെ താഴെകുപ്പാടിക്ക് സമീപത്തെത്തി. ജനവാസമേഖലയിലേക്ക് ഇറങ്ങാതിരിക്കാൻ വനംവകുപ്പ് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. റേഡിയോകോളർ ഘടിപ്പിച്ചതുകൊണ്ട് മുഴുവൻസമയം നീരിക്ഷിക്കാൻ കഴിയും. മയക്കുവെടിവെച്ച് പിടികൂടുന്നതിന് പകരം കുങ്കിയാനകളെ ഉപയോഗിച്ച് കർണാടകവനത്തിനുള്ളിലേക്ക് തിരികെ തുരത്താനാണ് പദ്ധതി. സാധാരണ അതിർത്തി കടന്നെത്തുന്ന ആനകൾ കുറിച്യാട് റേഞ്ചിൽനിന്ന് തിരികെപ്പോവാറാണുള്ളതെങ്കിലും മറ്റ് ആനകൾ അക്രമിച്ചതുകൊണ്ടാവാം അവിടെനിന്ന് ജനവാസമേഖലയിലെത്തിയതെന്നാണ് കരുതുന്നതെന്ന് വനംവകുപ്പ് പറയുന്നു. സുൽത്താൻ ബത്തേരി കെ.എസ്.ആർ.ടി.സി. മുതൽ പൂതാടി മൂടക്കൊല്ലിവരെ റെയിൽഫെൻസിങ് സ്ഥാപിച്ചിട്ടുണ്ട്. ഈ വേലി കടന്നുപോകുന്ന കട്ടയാട് ഭാഗത്താണ് കാട്ടാന ഇറങ്ങിയത്. ജനവാസകേന്ദ്രത്തിലും പിന്നീട് സുൽത്താൻ ബത്തേരി ടൗണിലും എത്തിയതെന്നാണ് പറയുന്നത്.



## വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല; മസ്കിനെതിരെ മുൻ ജീവനക്കാർ

44 ബില്യൺ ഡോളറിന് ടിറ്റർ ഏറ്റെടുത്തതിന് പിന്നാലെ മസ്ക് കമ്പനിയുടെ 70 ശതമാനം ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു.വലിയ വിവാദത്തിന് തിരികൊളുത്തിയ ഈ നീക്കത്തിന് പിന്നാലെ മസ്ക് വാഗ്ദാനം ചെയ്ത ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കി മുൻ ജീവനക്കാർ രംഗത്തെത്തിയിരിക്കുകയാണ്.പിരിച്ചുവിട്ട ജീവനക്കാർക്ക് മൂന്ന് മാസത്തെ ശമ്പളം മസ്ക് വാഗ്ദാനം ചെയ്തിരുന്നു. പിരിച്ചുവിട്ട് മാസങ്ങൾക്ക് ശേഷം കഴിഞ്ഞ ശനിയാഴ്ചയാണ് നഷ്ടപരിഹാരമായി അനുവദിച്ച തുക അവരിൽ ചിലർക്കെങ്കിലും ലഭിച്ചത്. എന്നാൽ, മസ്ക് വാഗ്ദാനം ചെയ്ത മൂന്ന് മാസത്തെ ശമ്പളത്തിന് പകരം, ഒരു മാസത്തെ ശമ്പളം മാത്രമാണ് തങ്ങൾക്ക് നൽകിയതെന്ന് ജീവനക്കാർ ആരോപിച്ചു.ഇതു സംബന്ധിച്ച ഇ-മെയിലുകൾ സ്പാം ഫോൾഡറുകളിലാണ് ലഭിച്ചതെന്നും ജീവനക്കാർ വെളിപ്പെടുത്തി. അതേസമയം, ജീവനക്കാർക്ക് അവരുടെ പ്രോറേറ്റഡ് പെർഫോമൻസ് ബോണസും ലഭിച്ചിട്ടില്ലെന്ന് റിപ്പോർട്ടുകളുണ്ട്.

## ടോറസ് ഡൗൺടൗൺ: ആദ്യ ഐടി കെട്ടിടം ഏപ്രിലിൽ

**തിരുവനന്തപുരം:** തലസ്ഥാനത്ത് ടോറസ് ഡൗൺടൗൺ ട്രിവാൻഡ്രം ആദ്യ ഘട്ടത്തിലെ ഐടി ടവർ ഏപ്രിലിൽ പൂർത്തിയാകുന്നു.അഞ്ചു വിദേശ കമ്പനികൾ ഇതിനകം സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഫോർച്യൂൺ 500 ലിസ്റ്റിലുള്ള കമ്പനികൾ ഉൾപ്പെടെയാണിത്.ടെക്നോപാർക്ക് ഫേസ് ത്രീയിൽ 540 കോടി മുടക്കി 15 ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ നിർമിച്ച കെട്ടിടത്തിൽ അഞ്ചു ലക്ഷം ചതുരശ്രയടി ബ്രിട്ടീഷ് കമ്പനിയായ അലയാൻസ് ഏറ്റെടുത്തു. ആക്സിയ, കീവാല്യു എന്നിവയാണ് മറ്റു രണ്ടു കമ്പനികൾ.3250 കോടി മുതൽ മുടക്കുള്ള ഏറ്റവും വലിയ വിദേശ നിക്ഷേപ പദ്ധതിയാണ് ഡൗൺടൗൺ. പദ്ധതിയിൽ 25 ഏക്കർ സ്ഥലത്ത് പാർപ്പിടവും മാളും 3 ഐടി ടവറുകളുമുണ്ട്. 2025 ൽ 5 ലക്ഷം ചതുരശ്രയടിയുള്ള രണ്ടാം ഐടി കെട്ടിടവും മാളും അസറ്റ് ഹോംസിന്റെ പാർപ്പിടവും പണി തീരും.ടോറസ് മാളിന്റെ വിസ്തീർണം 13 ലക്ഷം ചതുരശ്രയടിയാണ്. 10 ലക്ഷം ചതുരശ്രയടിയുള്ള മൂന്നാം ഐടി 2026 ൽ പൂർത്തിയാക്കി തുറന്നുകൊടുക്കും.

## റബർ, കുരുമുളക്, ഏലം ഉത്പാദനം കുറഞ്ഞു; നാളികേരവിലയിൽ മാറ്റമില്ല

ആഗോള റബർ ഉത്പാദനം കുറയുന്നു. അടുത്ത രണ്ട് മാസങ്ങളിൽ സ്റ്റോക്ക് നില ഭദ്രമാക്കാൻ ടയർ ഭീമൻമാർ രാജ്യാന്തര മാർക്കറ്റിൽ സാന്നിധ്യം ശക്തമാക്കും. പുതിയ കുരുമുളക് വരവ് മുന്നിൽ കണ്ട് വില താഴ്ത്താൻ ഒരു വിഭാഗം, ഉത്തരേന്ത്യയിലെ വൻ സ്റ്റോക്കിന് തിരിച്ചടി നേരിടുമോയെന്ന ആശങ്കയിൽ ഇറക്കുമതി ലോബി. ഏലം ഉത്പാദനം അവസാനഘട്ടത്തിൽ, ഓഫ് സീസണിൽ വില ഉയരുമെന്ന പ്രതീക്ഷയിൽ ഉത്പാദകർ. നാളികേര വിളവെടുപ്പ് മുന്നേറുന്നു, ഇറക്കുമതി എണ്ണകൾക്ക് മുന്നിൽ വെളിച്ചെണ്ണ പതറി.അന്താരാഷ്ട്ര മാർക്കറ്റിൽ റബർ തിരിച്ചു വരവിന് സാധ്യതകൾ തെളിയുന്നു. നടപ്പുവർഷം ആദ്യപകുതിയിൽ ആഗോള റബർ ഉത്പാദനം ചുരുങ്ങുമെന്ന വിലയിരുത്തൽ വിലക്കയറ്റത്തിന് വഴി തെളിക്കാം. തായ്‌ലൻഡ്, ഇന്തോനേഷ്യ, മലേഷ്യയിലും വരും മാസങ്ങളിൽ ഉൽപാദനം വർധനയ്ക്ക് ഇടയില്ല. കാലാവസ്ഥ വ്യതിയാനങ്ങളും റബർ മരങ്ങളുടെ ഇലകളെ ബാധിച്ച രോഗങ്ങളും വേണ്ടത്ര പണിക്കാരെ ലഭിക്കാത്ത സ്ഥിതി വിശേഷങ്ങൾക്കുമിടയിൽ ഉയർന്ന കുലിയും ഏഷ്യൻ ഉത്പാദന രാജ്യങ്ങളിൽ റബർ ടാപ്പിംഗിൻറെ താളം തെറ്റിച്ചു. വളങ്ങളുടെ ഉയർന്ന വിലയും ലഭ്യത കുറവും കർഷകരെ പിന്നോക്കം വലിച്ചത് റബർ ഉത്പാദനം ഏകദേശം പത്ത് ശതമാനം കുറയാൻ ഇടയാക്കാം.കേരളത്തിലെ സ്ഥിതിയും സമാനമാണ്. ഇവിടെയും ടാപ്പിംഗ് രംഗം നിർജീവാസ്ഥയിലാണ്. ഓണത്തിന് ശേഷം റബർ വിലയിലുണ്ടായ ഇടിവ് വലിയപങ്ക് ഉത്പാദകരെ തോട്ടങ്ങളിൽ നിന്നും പിൻതിരിപ്പിച്ചു. ക്രിസ്മസ്-ന്യൂ ഇയർ ആഘോഷങ്ങൾ കഴിഞ്ഞിട്ടു പലതോട്ടങ്ങളും നിശ്ചലമാണ്. നിലവിലെ റബർ വില കണക്കിലെടുത്താൽ വെട്ട് കൂലിക്ക് പോലും തികയില്ലെന്ന യാഥാർത്ഥ്യം വ്യക്തമായി അറിയാവുന്നു ടയർ ലോബി ഉത്പാദകനെ കടുംവെട്ട് നടത്തുകയാണ്. മറ്റ് ഉത്പാദന രാജ്യങ്ങളിലെന്ന പോലെ കേരളത്തിലും വളം/ കീടനാശിനി വിലയുൾപ്പെടെയുള്ള ചെലവുകൾ താങ്ങാനാവാത്ത അവസ്ഥയിൽ നീങ്ങുന്നതിനാൽ ടാപ്പിംഗ് മന്ദഗതിയിലാണ്.ഫെബ്രുവരി രണ്ടാം വാരത്തോടെ വെട്ട് പുർണമായി സ്തംഭിക്കാം. പകൽ താപനില ഉയരും, അടുത്ത മാസം ചൂട് 35 ഡിഗ്രിയിലും മാർച്ചിൽ 37 ലേയ്ക്കും ഉയരും. ഡിസംബർ അവസാനത്തിലെ താഴ്ന്ന വിലയായ 13,400 രൂപയിൽ നിന്നും നാലാം ഗ്രേഡ് ഇതിനകം 13,900 വരെ ഉയർന്ന ശേഷം വാരാന്ത്യം 13,800 ലാണ്. അഞ്ചാം ഗ്രേഡ് 13,000-13,500 ലും ലാറ്റക്സും ഒട്ടുപാലും 8600 രൂപയിലും വ്യാപാരം നടന്നു. ഹൈറേഞ്ചിലെ തോട്ടങ്ങളിൽ ഇനി കുരുമുളക് വിളവടുപ്പിൻറെ തിരക്കിട്ട ദിനങ്ങൾ. പുതിയ ചരക്ക് വരവ് ഉയരും മുന്നേ വിപണിയെ കൈപ്പിടിയിൽ ഒരുക്കാനുള്ള ശ്രമങ്ങളുമായി ഒരു വിഭാഗം രംഗത്ത് അണിനിരന്നു. ഇടുക്കിയിൽ ഇക്കുറിയും ഉത്പാദനം ചുരുങ്ങുമെന്ന റിപ്പോർട്ടുകൾ വിലക്കയറ്റത്തിന് വഴിതെളിക്കുമെന്ന് വ്യക്തമായി അറിയുന്നവർ തന്നെയാണ് നിരക്ക് ഇടിക്കുന്നതിന് പിന്നിൽ.കർക്കിടകത്തിൽ വിളവ് ഉയരുമെന്ന സൂചനയാണ് ഉത്പാദന കേന്ദ്രങ്ങളിൽ നിന്നും പുറത്തുവന്നത്. ഒട്ടുമിക്ക കൊടികളിൽ തിരികൾ മികച്ച രീതിയിൽ വിളഞ്ഞതിനൊപ്പം ചിങ്ങത്തിലും കന്നിയിലും ആവശ്യാനസരണം മഴ ലഭ്യമായത് മുളക് ഉത്പാദനം ഉയരാനുള്ള സാധ്യതയിലേയ്ക്ക് കർഷകരുടെ ശ്രദ്ധതിരിച്ചത്. എന്നാൽ, തുലാവർഷത്തിൻറെ തുടക്കം ദുർബലമായിരുന്നെങ്കിലും പിന്നീട് മഴ കനത്തത് സ്ഥിതിഗതികൾ പാടെ തകിടംമറിച്ചു. പല ഭാഗങ്ങളിലും മുളക് മണികൾ തിരികളിൽ നിന്നും അടർന്നുവീണത് കർഷകരുടെ പ്രതീക്ഷകൾ തകർത്തു.തെക്കൻ കേരളത്തിൽ വിളവെടുപ്പുവേളയിൽത്തന്നെ വരവ് ചുരുങ്ങിയതോടെ മൊത്തം ഉത്പാദനം കുറയുമെന്ന് ഏകദേശ സൂചന ലഭിച്ചു. പത്തനംതിട്ട ഭാഗത്ത്നിന്നും മുളക് നീക്കം പല അവസരത്തിലും ശക്തമല്ലായിരുന്നു. ഉയർന്ന കാർഷിക ചെലവുകൾമൂലം ചെറുകിട ഉത്പാദകർ ചരക്ക് ഇറക്കിയെങ്കിലുമത് വിൽപ്പന സമ്മർദം സൃഷ്ടിച്ചില്ല. അതേസമയം, ഇറക്കുമതി ലോബിയുടെ വിവിധ ഗോഡൗണുകളിൽ വൻതോതിൽ മുളക് വിറ്റഴിക്കാനാവാതെ കെട്ടിക്കിടക്കുന്നു. ആഭ്യന്തര വില കുറയുന്നത് അവരുടെ നെഞ്ചിടിപ്പുയർത്തി. വിവിധ ഷിപമെൻറുകളിലായെത്തിയ ആയിരക്കണക്കിനു ടൺ മുളക് വില്പന നടത്താനായിട്ടില്ല. വില ഉയർത്തിയെടുക്കുകയെന്നത് അവരുടെകൂടി ആവശ്യമായി മാറുന്നതിനാൽ മുന്നിലുള്ള മാസങ്ങളിൽ ശക്തമായ മത്സരം പ്രതീക്ഷിക്കാം. നമ്മുടെ പകുതി വിലയ്ക്ക് ഇറക്കുമതി ചെയ്ത കുരുമുളകാണെങ്കിലും ആഭ്യന്തര വില ഇടിയുന്പോൾ ഇറക്കുമതി ലോബിയുടെ ലാഭത്തിലുണ്ടാവുന്ന ഭീമമായ നഷ്ടം നികത്താനുള്ള ശ്രമം കഠിനശ്രമത്തിലാണവർ. കൊച്ചിയിൽ അൺ ഗാർബിൾഡ് കുരുമുളക് വില 400 രൂപ ഇടിഞ്ഞ് 49,000 രൂപയായി.ഏലക്ക ഉത്പാദനം വർഷത്തിൻറെ രണ്ടാം പകുതിയിൽ ചുരുങ്ങുമെന്ന അവസ്ഥയിലേയ്ക്കാണുകാര്യങ്ങളുടെ പോക്ക്. പിന്നിട്ട രണ്ടുവർഷങ്ങളിൽ ഏലത്തിനുനേരിട്ട വില തകർച്ച കർഷകർക്കു താങ്ങാനാവുന്നതിലും അധികമായതോടെ പലരും രംഗം വിടുന്ന അവസ്ഥയാണ്. കൃഷി നഷ്ടങ്ങളുടെ കണക്കുമാത്രം നൽകിയതോടെ മറ്റ് മേഖലകളിൽ ഭാഗ്യം പരീക്ഷിക്കാനുള്ള നീക്കത്തിലാണ് പലരും. ശരാശരി ഇനങ്ങൾക്ക് ആയിരം രൂപപോലും ഉറപ്പുവരുത്താനാവാത്ത സാഹചര്യത്തിലും ഭരണകൂടത്തിൻറെ അവഗണന കർഷകർക്കുകനത്ത പ്രഹരമായി.ഡിസംബറിൽ ഏലക്ക 726 രൂപയിലേയ്ക്ക് ഇടിഞ്ഞത് ഉൽപാദകരെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. ഒട്ടുമിക്ക ഭാഗങ്ങളിലും വിളവെടുപ്പ് അവസാനിച്ചു. ഇനി പുതിയ സീസണിന് ഏഴ് മാസമെങ്കിലും കാത്തിരിക്കണം. അതിനിടയിൽ കാർഷിക ചിലവുകൾ താങ്ങാനാവാത്ത (വളം, കിടനാശിനി, പണിക്കൂലി) താങ്ങാനാവാത്ത അവസ്ഥയിലാണ് പല കർഷക കുടുംബങ്ങളും. ഇതിനിടയിൽ ശനിയാഴ്ച ശരാശരി ഇനങ്ങളുടെ നിരക്ക് ഒറ്റയടിക്കു കുതിച്ചുർന്ന് 1017.95 രൂപയിലെത്തി, മികച്ചയിനങ്ങൾ 1804 രൂപയിലുമെത്തി. എന്നാൽ, ഈ കുതിപ്പ് വരും ദിനങ്ങളിൽ ആവർത്തിക്കുമോയെന്ന കാര്യത്തിൽ വ്യക്തയില്ല.നാളികേരോത്പന്നങ്ങളുടെ വിലയിൽ മാറ്റമില്ല. കൊച്ചിയിൽ വെളിച്ചെണ്ണ 13,300ലും കൊപ്ര 8600 രൂപയിലുമാണ്.






## വിനീതും കൈലാഷും ലാൽജോസും ഒന്നിക്കുന്ന 'കുരുവിപാപ്പ'യുടെ പൂജ നടന്നു

സീറോ പ്ലസ് എൻറർടെയിൻമെന്റസിന്റെ ബാനറിൽ ബഷീർ കെ.കെ നിർമ്മിച്ച് വിനീത്, കൈലാഷ്, ലാൽജോസ്, ഷെല്ലി കിഷോർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജോഷി ജോൺ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ പൂജയും ടൈറ്റിൽ ലോഞ്ചും നടന്നു.'കുരുവിപാപ്പ' എന്ന് പേരിട്ടിരിക്കുന്ന ചിത്രം തികച്ചുമൊരു ഫാമിലി സറ്റയറാണ്.ക്ലാപ്പ് ബോയ് മൂവി സ്റ്റുഡിയോസാണ് സഹനിർമ്മാതാക്കൾ. ബിസ്മിത് നിലംബൂർ ജാസ്മിൻ ജാസ്സ് എന്നിവർ തിരക്കഥയൊരുക്കുന്ന ചിത്രത്തിന്റെ ചിത്രീകരണം ഫെബ്രുവരി ആദ്യവാരം ആരംഭിക്കുന്നതാണ് . സ്റ്റാൻഡേർഡ് 10-ഇ, 1999 ബാച്ച് എന്ന ചിത്രത്തിന് ശേഷം ജോഷി ജോൺ സംവിധാനം ചെയ്യുന്ന ചിത്രമാണിത്.




## ചിരഞ്ജീവിയുടെ 'വാൾട്ടർ വീരയ്യ' റിലീസിനൊരുങ്ങുന്നു

ചിരഞ്ജീവി നായകനാകുന്ന ഏറ്റവും പുതിയ ചിത്രമാണ് 'വാൾട്ടർ വീരയ്യ'. കെ എസ് രവീന്ദ്ര (ബോബി കൊല്ലി) സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ റിലീസ് പ്രഖ്യാപിച്ചു.ചിത്രം ജനുവരി 13ന് പ്രദർശനത്തിനെത്തും. ബോബി കൊല്ലിയുടേത് തന്നെ ചിത്രത്തിന്റെ കഥയും സംഭാഷണവും. അതേസമയം, 'വാൾട്ടർ വീരയ്യ'യുടെ ട്രെയിലർ കഴിഞ്ഞ ദിവസം പുറത്തുവിട്ടു ദേവി ശ്രീ പ്രസാദാണ് ചിത്രത്തിന്റെ സംഗീത നിർവ്വഹിക്കുന്നത്. ആർതർ എ വിൽസൺ ആണ് ചിത്രത്തിന്റെ ഛായാഗ്രാഹണം. നിരഞ്ജൻ ദേവറാമണെ ചിത്രസംയോജനം നിർവ്വഹിക്കുന്ന വാൾട്ടർ വീരയ്യയുടെ സംഘട്ടനം റാം ലക്ഷ്മണാണ്.ചിത്രത്തിൻറെ നിർമാണം മൈത്രി മൂവി മേക്കേഴ്സിൻറെ ബാനറിൽ നവീൻ യെർണേനി, വൈ രവി ശങ്കർ എന്നിവർ ചേർന്നാണ്. സഹനിർമ്മാണം ജി കെ മോഹൻ. കോന വെങ്കട്, കെ ചക്രവർത്തി റെഡ്ഡി എന്നിവർ ചേർന്നാണ് തിരക്കഥ എഴുതിയിരിക്കുന്നത്. ചിരഞ്ജീവിയുടെ കരിയറിലെ 154-ാം ചിത്രമാണിത്.അതേസമയം, 'ഭോലാ ശങ്കർ' എന്ന ചിത്രത്തിലും ചിരഞ്ജീവി നായകനാകുന്നുണ്ട്. മെഹർ രമേഷാണ് ചിത്രം സംവിധാനം ചെയ്യുന്നത്. 'ഷാഡോ' എന്ന ചിത്രത്തിന് ശേഷം മെഹർ രമേഷിന്റെ സംവിധാനത്തിലുള്ളതാണ് 'ഭോലാ ശങ്കർ'. അജിത്ത് നായകനായ ഹിറ്റ് ചിത്രം 'വേതാള'ത്തിന്റെ റീമേക്കാണ്.

## എസ്ആർകെയുടെ പഠാൻ ട്രെയ്‌ലർ നാളെ എത്തും

ഏകദേശം 15 ദിവസത്തിനുള്ളിൽ പഠാൻ റിലീസ് ചെയ്യും, ചിത്രത്തിന്റെ ട്രെയിലറിനായി ഏറെ നാളായി കാത്തിരിക്കുകയാണ് ആരാധകർ.നവംബർ 2ന് ഷാരൂഖിന്റെ ജന്മദിനത്തോടനുബന്ധിച്ച് ചിത്രത്തിന്റെ ടീസർ അനാച്ഛാദനം ചെയ്തു. ഇപ്പോൾ ട്രെയിലർ 24 മണിക്കൂറിനുള്ളിൽ റിലീസ് ചെയ്യും. സിനിമയുടെ ട്രെയ്‌ലർ നാളെ റിലീസ് ചെയ്യും.ജനുവരി 10 ന് പഠാൻ ട്രെയിലർ റിലീസ് ചെയ്യുന്നതിന് മുന്നോടിയായി ഷാരൂഖ് ഖാൻ തന്റെ മറ്റൊരു ലുക്ക് പങ്കിട്ടു. പരുക്കൻ അവതാരത്തിൽ, തോക്കുകളും കൈവിലങ്ങുകളും ഉള്ള ഷാരൂഖ് പോസ്റ്റർ ആണ് പുറത്തിറങ്ങിയത്.സിദ്ധാർത്ഥ് ആനന്ദ് രചനയും സംവിധാനവും നിർവ്വഹിക്കുകയും യാഷ് രാജ് ഫിലിംസിന്റെ ബാനറിൽ ആദിത്യ ചോപ്ര നിർമ്മിക്കുകയും ചെയ്യുന്ന ഒരു ഹിന്ദി സ്പൈ ആക്ഷൻ-ത്രില്ലർ ചിത്രമാണ് പഠാൻ . ഷാരൂഖ് ഖാനെ നായകനാക്കി, 5 വർഷത്തെ ഇടവേളയ്ക്ക് ശേഷം സിനിമയിലേക്കുള്ള തിരിച്ചുവരവിൽ, ദീപിക പദുക്കോണും ജോൺ എബ്രഹാമും എത്തുന്നു.



## സംവിധായകൻ രോഹിത് ഷെട്ടിക്ക് ഷൂട്ടിംഗിനിടെ പരിക്ക്

ബോളിവുഡ് സംവിധായകൻ രോഹിത് ഷെട്ടിക്ക് ഷൂട്ടിംഗിനിടെ പരിക്ക്. ഇന്ത്യൻ പൊലീസ് ഫോഴ്സ് എന്ന വെബ് സീരീസിന്റെ ചിത്രീകരണത്തിനിടയിലുണ്ടായ അപകടത്തിലാണ് സംവിധായകന് പരിക്കേറ്റത്.ഹൈദരാബാദിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച അദ്ദേഹത്തിനെ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി.ഒരു സംഘട്ടന രംഗം ഒരുക്കുന്നതിനിടയിലാണ് രോഹിത് ഷെട്ടിയുടെ വിരലുകൾക്ക് പരിക്കേറ്റത്. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്ത ശേഷം സീരീസിന്റെ ചിത്രീകരണം പുനരാരംഭിച്ചു. രോഹിത് ഷെട്ടിയുടെ കോപ് യൂണിവേഴ്സിന്റെ ഭാഗമായുള്ള വെബ് സീരീസ് ആണ് ഇന്ത്യൻ പൊലീസ് ഫോഴ്സ്.50 കോടി മുടക്കിൽ നിർമ്മിച്ച സർക്കസിന് ആഗോള കളക്ഷനിൽ വെറും 44 കോടി രൂപയാണ് നേടാനായത്. ആദ്യ ദിനം ആറ് കോടിയാണ് ചിത്രം നേടിയത്. കൂടാതെ, റോട്ടൻ ടൊമാറ്റോസ് ചിത്രത്തിന് പൂജ്യം റേറ്റിങ് ആണ് നൽകിയത്. ഷേക്സ്പിയറിന്റെ 'ദ കോമഡി ഓഫ് എറേഴ്സ്' എന്ന നാടകത്തെ ആസ്പദമാക്കിയാണ് ചിത്രം ഒരുങ്ങിയത്.പഴകിയ പ്രമേയമാണ് സിനിമയുടേതെന്നും രൺവീർ സിങിന്റെ പ്രകടനം പോലും ചിത്രത്തിന് ഗുണം ചെയ്തില്ലെന്നും പ്രശസ്ത നിരൂപകൻ തരൺ ആദർശ് അഭിപ്രായപ്പെട്ടു. ഈ വർഷം പുറത്തിറങ്ങിയ ബോളിവുഡ് സിനിമകളിൽ ഒന്ന് പോലും വലിയ വിജയം നേടിയില്ല.



# ഐ ലീഗ്: ചർച്ചിലിനെ പരാജയപ്പെടുത്തി ഗോകുലം കേരള

പയ്യനാട് സ്റ്റേഡിയത്തിൽ നടന്ന ഐ ലീഗ് മത്സരത്തിൽ ചർച്ചിൽ ബ്രദേഴ്സ് ഗോവയെ പരാജയപ്പെടുത്തി ഗോകുലം കേരള എഫ് സി. ഏകപക്ഷീയമായ ഒരു ഗോളിനാണ് ഗോകുലത്തിന്റെ വിജയം.ഗോൾരഹിതമായ മുന്നേറിയ മത്സരത്തിൽ 81ാം മിനിറ്റിലാണ് ഗോകുലം വിജയ ഗോൾ നേടിയത്. സെർജിയോ മെൻഡിഗുട്ഷ്യ ആയിരുന്നു സ്കോറർ. അരങ്ങേറ്റത്തിലാണ് മെൻഡിഗുട്ഷ്യയുടെ ഗോൾ. വിജയത്തോടെ ഗോകുലം പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്തെത്തി.

EDITORS CHOICE



# പച്ച വിരിച്ച് മലീഹയിലെ ഗോതമ്പ് പാടങ്ങൾ

ഷാർജ: മലീഹയിലെ മരുഭൂമിയിൽ പച്ചവിരിച്ച് ഗോതമ്ബുപാടങ്ങൾ. നവംബറിൽ സുപ്രീം കൗൺസിൽ അംഗവും ഷാർജ ഭരണാധികാരിയുമായ ശൈഖ് ഡോ.സുൽത്താൻ ബിൻ മുഹമ്മദ് അൽഖാസിമി വിത്തിറക്കിയ ഗോതമ്ബുപാടങ്ങളാണ് മലീഹയുടെ സൗന്ദര്യമായി പച്ചവിരിച്ചു നിൽക്കുന്നത്. അന്ന് വിത്തുവിതച്ച ശൈഖ് സുൽത്താൻ വീണ്ടും ഗോതമ്ബുപാടങ്ങൾ വീക്ഷിക്കാൻ മലീഹയിലെത്തി.ഭക്ഷ്യ സുരക്ഷ വർധിപ്പിക്കാൻ ലക്ഷ്യമിട്ട് 2025ഓടെ 1400 ഹെക്ടർ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കാനാണ് ഷാർജ സർക്കാറിൻറെ ലക്ഷ്യം. ഇതിൻറെ ആദ്യഘട്ടമെന്ന നിലയിലാണ് കഴിഞ്ഞ നവംബറിൽ 400 ഹെക്ടർ സ്ഥലത്ത് ഗോതമ്ബ് വിത്തിറക്കിയത്. അടുത്ത വർഷം 880 ഹെക്ടർ കൃഷി വ്യാപിപ്പിക്കാനാണ് പദ്ധതി. നിർമിത ബുദ്ധിയുടെ സഹായത്തോടെ കാലാവസ്ഥക്ക് യോജിക്കുന്ന രീതിയിൽ വെള്ളമെത്തിക്കുന്ന ജലസേചന സംവിധാനമാണ് ഇവിടെ ഉപയോഗിക്കുന്നത്.ദിവസവും 60,000 ക്യൂബിക് മീറ്റർ വെള്ളം വരെ പമ്ബുചെയ്യാൻ ശേഷിയുള്ള ആറ് വലിയ സക്ഷൻ പമ്ബുകൾ വഴിയാണ് ഗോതമ്ബ് പാടത്തേക്ക് വെള്ളം എത്തിക്കുന്നത്. ഹംദ സ്റ്റേഷനിൽനിന്ന് 13 കിലോമീറ്റർ കൺവെയർ ലൈൻ വഴിയാണ് ഫാമിലേക്ക് വെള്ളം കൊണ്ടുപോകുന്നത്. അടുത്ത മാസത്തോടെ വിളവെടുക്കാനാകുമെന്നാണ് പ്രതീക്ഷ.കഴിഞ്ഞ ദിവസം ഇവിടെയെത്തിയ ശൈഖ് സുൽത്താൻ ഗോതമ്ബുചെടി, ജലസേചനം, ശുചീകരണം, മറ്റു നടപടിക്രമങ്ങൾ തുടങ്ങിയവ നോക്കിക്കണ്ടു. വരും വർഷങ്ങളിൽ വിവിധ മേഖലകളിലേക്ക് ഗോതമ്ബുകൃഷി വ്യാപിപ്പിക്കാനുള്ള പദ്ധതികളെക്കുറിച്ചും പരീക്ഷണങ്ങളെക്കുറിച്ചും ശൈഖ് സുൽത്താൻ വിശദീകരിച്ചു. ഷാർജയിലേക്ക് ആവശ്യമായി വരുന്ന ഗോതമ്ബ് ഇറക്കുമതിയുടെ തോത് കുറക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനുമാണ് ഗോതമ്ബ് കൃഷി ചെയ്യുന്നത്. വർഷം 1.7 ദശലക്ഷം മെട്രിക് ടൺ ഗോതമ്ബാണ് യു.എ.ഇയിലേക്ക് ഇറക്കുമതി ചെയ്യുന്നത്. ഇതിൽ 3.3 ലക്ഷം മെട്രിക് ടൺ ഷാർജയിലേക്കു മാത്രമാണ്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com